# വാർഷിക റിപ്പോർട്ട്

2016-17

***'Towards a safer state'***

**സുരക്ഷായനം**

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)**

Kerala State Disaster Management Authority (KSDMA)

ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ പി. ഒ.

Observatory Hills, Vikas Bhavan P.O

തിരുവനന്തപുരം, കേരളം – 695033

Thiruvananthapuram, Kerala - 695033


പകൽ സമയ ടെലിഫോൺ | Day time phone - 0471 2331345, 0471-2331645, Toll Free 1079

രാത്രി സമയ ടെലിഫോൺ | Night time phone - 0471 2364424

ഫാക്സ്| Fax - 0471 2364424

ഇ മെയിൽ | E Mail – keralasdma@gmail.com

വെബ് സൈറ്റ് | Website -www.sdma.kerala.gov.in




| Sl.No | Vulnerability Class | No of Taluks |
|---|---|---|
| 1 | Least | 19 |
| 2 | Moderate | 35 |
| 3 | High | 21 |

RECEIVED
08 JUN 2018

File No.DM4/186/2018-DMD

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2016-17 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.332/2018/DMD** തീയതി,തിരുവനന്തപുരം, 04/06/2018

---

പരാമർശം:- 1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 07/04/2018-ലെ ഡിഎം/847/18/എസ്ഡിഎംഎ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ പ്രകാരം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി തയ്യാറാക്കി സമർപ്പിച്ച സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2016-17 വർഷത്തെ മലയാളത്തിലുള്ള വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ഷൈലശ്രീ**
**അഡീഷണല് സെക്രട്ടറി**

1445-18

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)

എല്ലാ ജില്ലാകളക്ടർമാർക്കും

മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ, തിരുവനന്തപുരം-33

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ഉള്ളടക്കം


## 1. ആമുഖം

1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി
1.3 അടിയന്തിരഘട്ട കാര്യനിർവഹണ സമിതികൾ
1.4 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം
1.5 കേരള സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം
1.6 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ
1.7 യു.എൻ.ഡി.പി

## 2. പ്രവർത്തനങ്ങൾ

2.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം
2.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി യോഗം
2.3 കുഴലീകൃത മണ്ണൊലിപ്പ് സംസ്ഥാന സവിശേഷ ദുരന്തം
2.4 സംസ്ഥാനത്തെ ആദ്യ ദുരന്ത ലഘൂകരണ പദ്ധതികൾ അംഗീകരിച്ചു
2.4.1 സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി
2.4.2 ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ
2.5 ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക പ്രതികരണ കേന്ദ്രം എറണാകുളത്ത്
2.6 അടിയന്തിരഘട്ട കാര്യനിർവഹണ രൂപരേഖയുടെ രണ്ടാം പതിപ്പ്
2.7 കൊല്ലം പോരുവഴിയിലെ ഗസ്റ്റ്നാഡോ
2.8 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ
2.9 കേന്ദ്ര സർക്കാർ-യു.എൻ.ഡി.പി -ദുരന്ത നിവാരണ കാലാവസ്ഥാ വ്യതിയാന പദ്ധതി 2013-2017
2.10 തീര നിരീക്ഷണ സംവിധാനം
2.11 ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണ പദ്ധതി
2.12 തീരദേശ വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പദ്ധതി
2.13 അന്തർദേശീയ സുനാമി മോക്ക് ഡ്രിൽ (Io wave 2016)
2.14 സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം.
2.15 ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസ്
2.16 കേരളത്തിലെ കാലാവസ്ഥയിലെ വ്യതിയാനങ്ങൾ,കാലാവസ്ഥ വ്യതിയാനത്തിന്റെ വെളിച്ചത്തിൽ
2.17 അന്തർദേശീയ ദുരന്ത തയ്യാറെടുപ്പ് അടിയന്തിര ഘട്ട പ്രതികരണ ശില്പശാല
2.18 പുറ്റിങ്ങൽ വെടിക്കെട്ട് അപകടവും, സ്ഫോടന വസ്തുക്കൾ സംബന്ധിച്ച ശിൽപ്പശാലയും
2.19 നിയമസഭാ സാമാജികർക്കായി ശിൽപ്പശാല
2.20 സ്റ്റുഡന്റ്സ് റാപ്പിഡ് റസ്പോൺസ് ഫോഴ്സ് (SRRF)
2.21 വകുപ്പുകളുടെ ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കൽ
2.22 വരൾച്ചാ പ്രതിരോധം തടയണ നിർമ്മാണ മാതൃക.
2.23 ഉരുൾപൊട്ടൽ ഗവേഷണം
2.24 ദുരന്ത ലഘൂകരണം സംബന്ധിച്ച പ്രചാരണ പരിപാടികൾ
2.25 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്
2.26 ഭൂകമ്പ നിരീക്ഷണ ശൃംഖലയുടെ ശാക്തീകരണം
2.27 ഡിസാസ്റ്റർ റിസ്ക് ആൻഡ് വൾനറബിലിറ്റി കോൺഫറൻസ്
2.28 ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം
2.29 സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ (എസ്.സി.ഒ.സി.) വിവര സാങ്കേതിക വിദ്യയും വാർത്താവിനിമയവും
2.30 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ നടത്തിയ പരിശീലന പരിപാടികൾ
2.31 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത പരിശീലന പരിപാടികൾ
2.32 ജില്ലാതല മോക്ക് ഡ്രില്ലുകൾ

## 3. സാമ്പത്തിക വിനിയോഗം

## 4. ഉപസംഹാരം

# 1. ആമുഖം

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരളാ സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. (Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O No.263/2016 dated 2nd March 2016). കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007 ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കുന്ന 17 പ്രകൃതി പ്രതിഭാസങ്ങളും 22 മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു. ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാധ്യതകളാൽ അതീവ ദോഷ പൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70(2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റിയാണ്, സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടത്. 2016–17 ലെ പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ വിവരിക്കുന്നു.

## 1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന (Government controlled) സ്വയം ഭരണാധികാരമില്ലാത്ത (non-autonomous) കേന്ദ്ര നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗ നിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നിവയും ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവൽക്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ് ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | ഉപ–അദ്ധ്യക്ഷൻ(എക്സ്–ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തരവകുപ്പ് മന്ത്രി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്–ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്–ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണകേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്–ഒഫിഷ്യോ) (Member Secretary) |

## 1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി (State Executive Committee of KSDMA)

ദുരന്തനിവാരണ നിയമത്തിന്റെ 20 –ാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 മുതിർന്ന സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പുവരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക. അടിയന്തിര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക. സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെയും (State Disaster Mitigation Fund-SDMF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ(എക്സ്–ഒഫിഷ്യോ) (Chairman) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്–ഒഫിഷ്യോ) (Member Convenor) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്–ഒഫിഷ്യോ) (Member) |

## 1.3 അടിയന്തിരഘട്ട കാര്യനിർവഹണ സമിതികൾ

സംസ്ഥാന തലത്തിൽ മൂന്ന് അടിയന്തിരഘട്ട കാര്യനിർവഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തിരഘട്ട കാര്യനിർവഹണ സമിതി– ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ സമിതി (GO(Ms)No.68/2011/DMD dated 8-2-2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യനിർമ്മിത ദുരന്തങ്ങളുടെ അടിയന്തിരഘട്ട കാര്യനിർവഹണ സമിതി– ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, സംസ്ഥാന പോലീസ് മേധാവി കൺവീനറുമായ സമിതി (GO (Rt) No. 6410 /2013/DMD dated 29-11-2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- ഖനന മേഖലയിലെ അപകടങ്ങൾക്ക് വ്യവസായ വകുപ്പ് സെക്രട്ടറി അധ്യക്ഷനായും, ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായ സമിതി (GO (Rt) No.541/14/ID dated 26-05-2014 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## 1.4 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംസ്ഥാന കാര്യനിർവഹണ സമിതിയുടെയും തീരുമാനങ്ങൾ ക്രോഡീകരിക്കുക, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ മേൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ജില്ലാ അതോറിറ്റികളെ അറിയിക്കുക, സംസ്ഥാന അതോറിറ്റിയുടെ സാമ്പത്തിക വിനിയോഗം നിയന്ത്രിക്കുക, ജില്ലാ അതോറിറ്റികൾക്ക് പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സംസ്ഥാന കാര്യനിർവഹണ സമിതിയുടെ തീരുമാനമനുസരിച്ച് ലഭ്യമാക്കുക, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ വിനിയോഗം മാർഗനിർദ്ദേശങ്ങൾക്കും, സംസ്ഥാന കാര്യനിർവഹണ സമിതിയുടെ തീരുമാനത്തിനും അനുസരിച്ച് ജില്ല അതോറിറ്റികൾക്ക് ലഭ്യമാക്കുക, ദുരന്ത അവബോധ പ്രവർത്തനങ്ങൾ നടത്തുക എന്നീ ദൈനംദിന പ്രവർത്തനങ്ങൾ ഈ കാര്യാലയം നടത്തുന്നു.

| ക്രമ നം | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | മുഖ്യ ഭരണനിർവ്വാഹകൻ (ചീഫ് സെക്രട്ടറി) (എക്സ്-ഒഫീഷ്യോ) | ശ്രീ.പി.കെ. മൊഹന്തി | 1-4-2016 മുതൽ 30-4-2016 വരെ |
| | | ശ്രീ.എസ്.എം. വിജയാനന്ദ് | 1-5-2016 മുതൽ 31-3-2017 വരെ |
| 2 | അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്-കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി &സംസ്ഥാന ദുരിതാശ്വാസ കമ്മീഷ്ണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ് ഒഫിഷ്യോ) | ഡോ.വിശ്വാസ് മേഹ്ത്ത | 1-4-2016 മുതൽ 31-7-2016 വരെ |
| | | ശ്രീ.പി.എച്ച്.കുര്യൻ | 31-7-2016 മുതൽ തുടരുന്നു |
| 3 | ദൈനംദിന പ്രവർത്തന ചുമതലയുള്ള കാര്യക്കാരൻ (മെമ്പർ സെക്രട്ടറി) (എക്സ്-ഒഫിഷ്യോ) | ഡോ.ശേഖർ എൽ. കുര്യാക്കോസ് | 1-4-2016 മുതൽ തുടരുന്നു |
| 4 | സീനിയർ ഫിനാൻസ് ഓഫീസർ | ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ | അധിക ചുമതല |
| 5 | സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ) | ശ്രീ.സിജി.എം. തങ്കച്ചൻ | 1-4-2016 മുതൽ തുടരുന്നു |
| 6 | സീനിയർ ക്ലാർക്ക് (ഡെപ്യൂട്ടേഷൻ) | ശ്രീമതി. ഇന്ദു എം.എസ് | 1-4-2016 മുതൽ തുടരുന്നു |
| 7 | കണക്കുപരിശോധക (കരാർ) | ശ്രീമതി. ഉനൈസ്സ എ. | 1-4-2016 മുതൽ തുടരുന്നു |
| 8 | ഓഫീസ് സഹായി (കരാർ) | ശ്രീ.ശ്രീനിവാസൻ റ്റി | 1-4-2016 മുതൽ തുടരുന്നു |

### 1.5 കേരള സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം

സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആയ അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായ ദുരന്തങ്ങളുടെ മുന്നറിവ് ചട്ടപ്പടി (Standard Operating Procedure) പ്രകാരം നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം, സംസ്ഥാന തലത്തിൽ അവബോധ പ്രവർത്തനങ്ങൾ എന്നിവ നിർവഹിച്ചു വരുന്നു. സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ എന്ന ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്. സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന ചുമതല സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ നിക്ഷിപ്തമാണ്.

സംസ്ഥാന അതോറിറ്റിക്കായി ശാസ്ത്രീയമായ പ്രതിരോധ, പ്രതികരണ പ്രവർത്തന വിശകലന സംവിധാനങ്ങൾ ഈ കാര്യാലയത്തിലാണ് പ്രവർത്തിക്കുന്നത്. വിവിധ മേഖലകളിൽ ദുരന്ത പ്രതിരോധ ശേഷി വർദ്ധനവിനായി ഈ കാര്യാലയം സ്വദേശ-വിദേശ സർവകലാശാലകളുമായി ഗവേഷണ പ്രവർത്തനങ്ങളും, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ കാര്യാലയത്തിൽ 2016-17 ൽ ലഭ്യമായിരുന്ന മാനവ ശേഷി ചുവടെ പ്രതിബാധിക്കുന്നു.

| ക്രമ നം | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് – കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ(ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണവകുപ്പ് മേധാവി (എക്സ് ഒഫിഷ്യോ) | ഡോ.വിശ്വാസ് മേഹ്ത്ത | 1–4–2016 മുതൽ 31–7–2016 വരെ |
| | | ശ്രീ.പി.എച്ച്.കുര്യൻ | 31–7–2016 മുതൽ തുടരുന്നു |
| 2 | മുഖ്യ ശാസ്ത്രഞ്ജൻ സംസ്ഥാന അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രം (സ്ഥിരം നിയമനം) | ഡോ.ശേഖർ എൽ.കുര്യാക്കോസ് | 1–4–2016 മുതൽ തുടരുന്നു |
| 3 | സീനിയർ ഫിനാൻസ് ഓഫീസർ (അധിക ചുമതല) | ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ | |
| 4 | ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ (Hazard and Risk Analyst) (സ്ഥിരം തസ്തിക കരാർ നിയമം) | ശ്രീമതി പാർവതി.എസ് | 1–4–2016 മുതൽ തുടരുന്നു |
| 5 | ദുരന്ത സാധ്യതാ അവലോകന വിദഗ്ദ്ധർ (Hazard Analysts) (കരാർ തസ്തിക, കരാർ നിയമനം) | | |
| 5.1 | സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രം (SEOC) | ശ്രീ.പ്രദീപ് ജി.എസ് | 1–4–2016 മുതൽ തുടരുന്നു |
| | | ശ്രീ.രാജീവ് ടി.ആർ | 1–4–2016 മുതൽ തുടരുന്നു |
| | | കുമാരി. അനുപമ. എൻ | 1–4–2016 മുതൽ തുടരുന്നു |
| 5.2 | ജില്ലാ അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രം (DEOC) | ഡോ.ആൻഡ്രൂ സ്പെൻസർ (കൊല്ലം) | 25–10–2016 മുതൽ തുടരുന്നു |
| | | ശ്രീമതി അഞ്ജലി. പി (എറണാകുളം) | 1–4–2016 മുതൽ തുടരുന്നു |
| | | ശ്രീമതി അശ്വതി പി. (കോഴിക്കോട്) | 25–10–2016 മുതൽ തുടരുന്നു |
| | | കുമാരി ആശാ കിരൺ (വയനാട്) | 25–10–2016 മുതൽ തുടരുന്നു |
| 6 | വിവര സംവേദന എഞ്ചിനീയർ (ബി.എസ്.എൻ.എൽ കരാർ നിയമനം) | | |
| 6.1 | സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രം (SEOC) | കുമാരി സുസ്മിത | 1–4–2016 മുതൽ തുടരുന്നു |
| | | കുമാരി രശ്മി എസ്.ആർ | 1–4–2016 മുതൽ തുടരുന്നു |
| 6.2 | ജില്ലാ അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രം (DEOC) | കുമാരി എയ്ഞ്ജൽ മേരി (വയനാട്) | 1–4–2016 മുതൽ തുടരുന്നു |
| | | ശ്രീമതി ശാലൂ ശശികുമാർ (എറണാകുളം) | 1–4–2016 മുതൽ തുടരുന്നു |
| | | ശ്രീമതി ഹിമ വി.എസ് (ഇടുക്കി) | 1–4–2016 മുതൽ തുടരുന്നു |

| | | | |
|---|---|---|---|
| 7 | ഓഫീസ് മാനേജർ,<br>(ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ) | ശ്രീ. സുനിൽ.കെ.ബാബു | 1-4-2016 മുതൽ തുടരുന്നു |
| 8 | ഓഫീസ് അസിസ്റ്റന്റ്<br>(കരാർ തസ്തിക, കരാർ നിയമനം) | കുമാരി ബിജി എസ് | 1-4-2016 മുതൽ തുടരുന്നു |
| 9 | കമ്പ്യൂട്ടർ ഓപ്പറേറ്റർ & ഓഫീസ് അസിസ്റ്റന്റ്<br>(കരാർ തസ്തിക, കരാർ നിയമനം) | കുമാരി നിഷ എം.ആർ | 1-4-2016 മുതൽ തുടരുന്നു |
| 10 | ഫീൽഡ് അസിസ്റ്റന്റ്<br>(കരാർ തസ്തിക, കരാർ നിയമനം) | ശ്രീ.ബിനോയ് പി.ജോണി | 1-4-2016 മുതൽ തുടരുന്നു |
| 11 | ഓഫീസ് സഹായി<br>(കരാർ തസ്തിക, കരാർ നിയമനം) | ശ്രീ.ബലറാം എസ് | 1-4-2016 മുതൽ തുടരുന്നു |
| 12 | ഡ്രൈവർ (2) | ദിവസ വേതനം | |

### 1.6 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005-ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗനിർദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക. തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)അഡീഷണൽ ജില്ല മജിസ്ട്രേറ്റ് (കൊല്ലം,കോട്ടയം, ഇടുക്കി,പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ -ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം (എക്സ്-ഒഫിഷ്യോ) (Member) | തിരുവനന്തപുരം -എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസറഗോഡ്-ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം-ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ-എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് |
| | പാലക്കാട്-എക്സിക്യൂട്ടീവ് എഞ്ചിനീയർ, |

| | |
|---|---|
| | ജലസേചനം, മലമ്പുഴ |
| | എറണാകുളം – റവന്യൂ ഡിവിഷൻ ഓഫീസർ, ഫോർട്ട് കൊച്ചി |

## 1.7 യു.എൻ.ഡി.പി

യു.എൻ.ഡി.പി ദുരന്ത ലഘൂകരണ പദ്ധതി സംസ്ഥാനത്തെ അടിസ്ഥാന ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. 2010 മുതൽ 2012 വരെ കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുകയും സംസ്ഥാന ദുരന്ത നിവാരണ നയം രൂപീകരിക്കാൻ സഹായിക്കുകയും ചെയ്തു. പിന്നീട് സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സ്ഥാപിക്കുന്നതിനും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, അന്താരാഷ്ട്ര തലത്തിലുള്ള സമ്മേളനമായ സുരക്ഷാ യാനം നടത്തുന്നതിനും ഈ പദ്ധതി സഹായിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര വകുപ്പും യു.എൻ.ഡി.പി യും ചേർന്ന് കേന്ദ്ര സർക്കാർ–യുഎൻഡിപി–ദുരന്ത നിവാരണ കാലാവസ്ഥ വ്യതിയാന പദ്ധതിക്ക് രൂപം നൽകുകയും അത് കേരളത്തിൽ 2013 മുതൽ നടപ്പിലാക്കുന്നു.

## 2. പ്രവർത്തനങ്ങൾ

### 2.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 28 ഏപ്രിൽ 2016, 7 സെപ്റ്റംബർ 2016, 28 ഒക്ടോബർ 2016, 6 മാർച്ച് 2017 എന്നീ ദിവസങ്ങളിൽ യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടു.

### 2.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി യോഗം (SEC Meeting)

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി (State Executive Committee) 25 ഏപ്രിൽ 2016, 20 ഒക്ടോബർ 2016, 23 ഫെബ്രുവരി 2017 എന്നീ ദിവസങ്ങളിൽ യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടു.

### 2.3 കുഴലീകൃത മണ്ണൊലിപ്പ് -സംസ്ഥാന സവിശേഷ ദുരന്തം

സംസ്ഥാന ദുരന്ത പ്രതികരണ നിധി (State Disaster Response Fund) യുടെ 10 % സംസ്ഥാന സവിശേഷ ദുരന്തങ്ങളുടെ പ്രതികരണത്തിന് ഉപയോഗിക്കുവാൻ 14–ാം ധനകാര്യ കമ്മീഷൻ അനുവദിച്ചിരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രവും, ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രവും (NCESS), കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ കുഴലീകൃത മണ്ണൊലിപ്പിനെക്കുറിച്ച് വിശദമായ ഒരു ഗവേഷണം നടത്തി. ഗവേഷണ റിപ്പോർട്ട് ഇവിടെ ലഭ്യമാണ്. http://sdma.kerala.gov.in/ wpcontent/ oploads /soil-piping-report.pdf ഇതിൻ പ്രകാരം കുഴലീകൃത മണ്ണൊലിപ്പ് (soil-piping) സംസ്ഥാന സവിശേഷ ദുരന്തമായി അംഗീകരിച്ച് GO (Rt) No.3667/2016/DMD dated 09-09-2016 ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇത് വഴി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ സഹായം അനവധി ദുരന്ത ബാധിതർക്ക് നൽകുവാൻ സാധിക്കും.

### 2.4 സംസ്ഥാനത്തെ ആദ്യ ദുരന്ത നിവാരണ പദ്ധതികൾ അംഗീകരിച്ചു

ദുരന്ത നിവാരണ നിയമം 23–ാം വകുപ്പനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന ദുരന്ത നിവാരണ പദ്ധതികൾ മാനദണ്ഡ പ്രകാരം തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള സംസ്ഥാനത്തെ ആദ്യത്തെ പദ്ധതി അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം തയ്യാറാക്കിയത് 7–09–2016 ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചു.

ദുരന്ത നിവാരണ നിയമം സെക്ഷൻ 30 (2) (i) പ്രകാരം ജില്ലാ ദുരന്ത നിവാരണ പദ്ധതി എല്ലാ ജില്ലകളും തയ്യാറാക്കേണ്ടതുണ്ട്. മാനദണ്ഡ പ്രകാരം തയ്യാറാക്കിയ ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അംഗീകരിച്ചു. ഈ പദ്ധതികൾ സർക്കാർ GO (Rt)No.3104/2016/DMD dated 30-07-2016 പ്രകാരം അംഗീകരിച്ചു.

#### 2.4.1 സംസ്ഥാന ദുരന്ത നിവാരണ പദ്ധതി

ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാനത്തെ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയാണ്. സംസ്ഥാന ദുരന്ത നിവാരണ പദ്ധതി 7–09–2016 ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചു സർക്കാർ GO (Rt) No.3667/2016/ DMD dated 9th September 2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത സംസ്ഥാന ദുരന്ത നിവാരണ പദ്ധതി www.sdma.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് ഉൾക്കൊള്ളുന്നത്.

## 12 ഇന ഉപലക്ഷ്യങ്ങൾ

1. ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും വിവിധ ദുരന്തങ്ങൾക്ക് വിധേയരാ കാവുന്ന ജനസഞ്ചയത്തിനെ കണ്ടെത്തുകയും ചെയ്യുക.
2. കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാ നായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും നിരന്ത രമായി പുതുക്കുകയും ചെയ്യുക.
3. പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ചു ദുരന്ത സാധ്യതാ ലഘൂകരണ പരി ശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.
4. ദൃശ്യ–ശ്രവ്യ–പത്ര മാധ്യമങ്ങളെ ദുരന്ത ലഘൂകരണത്തിനായി ആവശ്യാനുസരണം ഉപയോ ഗിക്കുക.
5. സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ ആവശ്യമായ അളവിൽ ദുരന്ത ലഘൂകരണ വീക്ഷണകോൺ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
6. സംസ്ഥാന–ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേര ളത്തിലെ ദുരന്ത പ്രതികരണ–പ്രതിരോധ–തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേ തിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുക.
7. ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് സ്ഥാപിക്കുക.
8. വിവിധ വിവര സംവേദന സാങ്കേതിക വിദ്യകൾ ദുരന്ത നിവാരണത്തിനായി ഉപയോഗപ്പെടു ത്തുക. ഒരു സാങ്കേതിക വിദ്യ പരാജയപ്പെട്ടാൽ മറ്റൊന്ന് എപ്പോഴും ലഭ്യമായിരിക്കുമെന്നത് ഉറപ്പുവരുത്തുക.
9. സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports functions plan) ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പുതുക്കുക.
10. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
11. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
12. ദീർഘകാല ദുരന്ത പുനർനിർമ്മാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുക.

## 27 പദ്ധതികൾ

1. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിനു കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകളോടുകടി തിരുവനന്തപുരത്ത് നിർമാണം പൂർത്തീകരിച്ചു വരുന്നു.
2. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദന ദുരന്ത തീരുമാന സാങ്കേതികവിദ്യ വികസനം: ഇന്ത്യ ഉൾപ്പെടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015–2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെ ടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതിക വിദ്യ വികസനം കെൽട്രോൺ മുഖാ ന്തിരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായ ത്തോടെയാണ് ഈ പ്രവർത്തനം നടത്തുന്നത്.
3. സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല
4. സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ
5. കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂ ഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി
6. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷ
7. വരൾച്ചാ പ്രതിരോധ പദ്ധതികൾ– ജലവർഷിണി, മഴപ്പൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ.
8. മുല്ലപ്പെരിയാർ ആപൽസന്ധി മാനേജ്മെന്റ് പദ്ധതി
9. സംസ്ഥാന അഗ്നിശമന സേനാ ശാക്തീകരണം
10. ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്ത പ്രതികരണ ശാക്തീകരണം
11. കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം
12. വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം ഓപ്പറേഷൻ അനന്ത
13. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി
14. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ

15. പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തുന്നത്.
16. സംസ്ഥാന –ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം.
17. ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം.
18. ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും
19. ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ.
20. സുരക്ഷിത കേരളത്തിനായി മുന്നേറാം എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ.
21. ദുരന്ത ലഘൂകരണ പരിശീലനങ്ങൾ
22. ഇന്ത്യാ ഡിസാസ്റ്റർ റിസോഴ്സസ് നെറ്റ്വർക്ക് –ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവരശേഖരണം.
23. ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം
24. പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം.
25. മോക്ക് ഡ്രില്ലുകൾ
26. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം.
27. അന്തർദേശീയ ദുരന്ത ലഘൂകരണ ദിനാഘോഷം.

**സംസ്ഥാന ദുരന്ത നിവാരണ പദ്ധതി, 2016 www.sdma.kerala.gov.in എന്ന വെബ്സെറ്റിൽ ലഭ്യമാണ്.**

### 2.4.2 ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ

ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (i) പ്രകാരം ജില്ലാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ജില്ലാ ദുരന്ത നിവാരണ പദ്ധതിയാണ്. 2015 മുതൽ 2016 വരെ ഉള്ള കാലഘട്ടത്തിൽ എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും പരിശീലനം കിട്ടിയ ഒരു വിദഗ്ധനെ വീതം നൽകുകയും, ഇവരുടെ സേവനത്തോടെ ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അംഗീകരിച്ചു. ഈ പദ്ധതികൾ സർക്കാർ GO (Rt)No.3104/2016/DMD dated 30-07-2016 പ്രകാരം അംഗീകരിച്ചു. 2016 ലെ ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ www.sdma.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### 2.5 ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക പ്രതികരണ കേന്ദ്രം എറണാകുളത്ത്

സംസ്ഥാനത്തെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്ക് ശക്തി നൽകിക്കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം ദേശീയ ദുരന്ത പ്രതികരണ സേനയുടെ (National Disaster Response Force) ഒരു പ്രാദേശിക പ്രതികരണ കേന്ദ്രം സ്ഥാപിക്കുവാൻ എറണാകുളം ജില്ലയിൽ സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സേനയുടെ ഒരു ടീം പ്രസ്തുത കേന്ദ്രം നിലവിൽ വരുന്നത് വരെ തൃശ്ശൂർ ജില്ലയിൽ Civil Defence Instiute ൽ നിലനിർത്തിയിട്ടുണ്ട്. (GO.(Ms)No. 368/2016/RD dated 24-06-2016).

### 2.6 അടിയന്തിരഘട്ട കാര്യനിർവഹണ രൂപരേഖയുടെ രണ്ടാം പതിപ്പ്

കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ കേന്ദ്ര സ്ഥാപനങ്ങൾ Standard Operating Procedure പ്രകാരം ലഭ്യമാക്കുന്ന ദുരന്ത മുന്നറിയിപ്പുകൾക്കനുസരിച്ച് ദുരന്ത സാധ്യത വിശകലനത്തിന് ശേഷം എടുക്കേണ്ടുന്ന നടപടികൾ Standard Operating Procedure പ്രകാരം നിർദ്ദേശിക്കുക. ആഘാത ലഘൂകരണത്തിനായി ഉള്ള നടപടികൾ നിർദ്ദേശിക്കുക. വിവിധ വകുപ്പുകളെയും, ഉദ്യോഗസ്ഥരെയും ഏകോപിപ്പിക്കുക. ആവശ്യമെന്നുകണ്ടാൽ പത്ര–മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുക. ഇവ എങ്ങനെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടത്തണം എന്ന് പ്രതിബാധിക്കുന്നതും, വിവിധ വകുപ്പുകൾ അടിയന്തിര ഘട്ടത്തിൽ സ്വമേധയാ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് Emergency supports Functions plan എന്നിവ ഉൾക്കൊള്ളുന്ന Hand Book of Emergency Operations- Emergency Operations Centres and Emergency Supports – plan (Second edition) പ്രസിദ്ധീകരിച്ചു. ഈ കൈപുസ്തകം ഇവിടെ ലഭ്യമാണ് http://sdma.kerala.gov.in/ handbooks/

## 2.7 കൊല്ലം പോരുവഴിയിലെ ഗസ്റ്റ്നാഡോ

പോരുവഴി വില്ലേജിൽ പ്രദേശികമായി അതിശക്തമായ ഒരു ചുഴലിക്കാറ്റിന് സമാനമായ പ്രതി ഭാസം 10–6–2016 ന് വീശി അടിച്ചു. ഇതിന് മുൻപും ഇത്തരം പ്രതിഭാസം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. 2014 ൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിലും, 2016 ൽ ഇടുക്കിയിൽ മറയൂരും ഗസ്റ്റ്നാഡോ എന്ന് വിളിക്കുന്ന ഈ പ്രതിഭാസം മൂലം നാശനഷ്ടം ഉണ്ടായിട്ടുണ്ട്. GO (Ms)No.34/2015/DMD dated 23/07/2015 പ്രകാരം ശക്തമായ കാറ്റ് ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഏകദേശം 2 കിലോമീറ്റർ നീളത്തിൽ 500 മീറ്റർ വീതിയിൽ ഉള്ള പ്രദേശത്ത് രാവിലെ 11 നും 11.30 നും ഇടയിൽ വീശി അടിച്ച ഈ കാറ്റിൽ 5 വീടുകൾ പൂർണ്ണമായി തകരുകയും, 44 വീടുകൾ ഭാഗികമായി തകരുകയും, 150 ഓളം മരങ്ങൾ ഒടിഞ്ഞ് വീഴുകയും ചെയ്തു. 10 ഹെക്ടറോളം സ്ഥലത്ത് വിവിധ ഇനം കൃഷികൾക്ക് നാശം ഉണ്ടായി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം പ്രദേശം പരിശോധിച്ച് നൽകിയ ശുപാർശയുടെ വെളിച്ചത്തിൽ തകർന്നു പോയ വീടുകൾക്ക് പകര മായി 5 പ്രീ–ഫാബ്രിക്കേറ്റഡ് വീടുകൾ നിർമിച്ച് നൽകുവാൻ GO (Ms)No. 459/2016/ DMD dated 16-8-2016 പ്രകാരം ഉത്തരവായി. ഈ പദ്ധതിയിൽ പ്രാദേശിക സന്നദ്ധ പ്രവർത്തകരും ഗ്രാമ പഞ്ചാ യത്തും പ്രദേശത്തെ സ്കൂളിലെ എൻ.എസ്.എസ് സന്നദ്ധ പ്രവർത്തകരും പങ്കാളികളായി.

## 2.8 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

സംസ്ഥാനം അതികഠിനമായ വരൾച്ചയായിരുന്നു 2016–17 വർഷത്തെ മഴ കുറവിനാൽ നേരിട്ടത്. 2016–ലെ തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ 34% ഉം (ജൂൺ മുതൽ സെപ്റ്റംബർ വരെ) വടക്ക് കിഴക്കൻ കാലവർഷത്തിൽ (ഒക്ടോബർ മുതൽ ഡിസംബർ വരെ) 62% ഉം മഴക്കുറവാണ് കേരളത്തിൽ ആകമാനം അനുഭവപ്പെട്ടത്. മഴയെ ആശ്രയിച്ച്, ജലസമൃദ്ധമായ പ്രദേശത്തു ജീവി ക്കുന്ന ഏതൊരു ജനതയ്ക്കും ഈ മഴ കുറവ് അതീവ ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്.

കേരള ചരിത്രത്തിൽ ആദ്യമായി സംസ്ഥാനത്തു ഏപ്രിൽ 27,28 തീയതികളിൽ ഉഷ്ണതരംഗം കേന്ദ്ര കാലാവസ്ഥ നിരീക്ഷണ tl{µw പ്രഖ്യാപിച്ചു.

2016–17 വരൾച്ചാ പ്രതികരണ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക ഉപദേശം സംസ്ഥാന അതോറിറ്റി സർക്കാരിന് നൽകി. കേരളത്തിൽ വാട്ടർ കിയോസ്ക് എന്ന സംവിധാനം കൊണ്ടുവന്നതും, കുടിവെള്ള വിതരണത്തിലെ ചോർച്ച ഒഴിവാക്കുവാൻ GPS ഉൾപ്പെയുള്ള സംവിധാ നങ്ങൾ ഏർപ്പടുത്തുവാനും സംസ്ഥാന അതോറിറ്റിയുടെ ശ്രമഫലമായി സംസ്ഥാന സർക്കാരിന് സാധിച്ചു. ഇതിനായി വിശദമായ ആപൽസന്ധി മാനേജ്മെന്റ് രൂപരേഖ തയ്യാറാക്കി സർക്കാരിന് നൽകുകയും ചെയ്തു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ശുപാർശ ഉൾക്കൊണ്ട് സർക്കാർ നടപ്പാക്കിയ വരൾച്ചാ പ്രതിരോധ പ്രവർത്തനം സംബന്ധിച്ച വിശദമായ വിവരം ചുവടെ ചേർക്കുന്നു.

- 28–10–2016 ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത തീരു മാനത്തിന്റെ അടിസ്ഥാനത്തിൽ GO(P) No. 555/2016/DMD dated 31/10/2016, GO (Rt)No.25/2017/DMD dated 24-04-2017 എന്നിവ പ്രകാരം സംസ്ഥാനം മുഴുവൻ വരൾച്ചാ ബാധിതമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇവ ഇവിടെ ലഭ്യമാണ്. http://sdma.kerala.gov.in/publications-seminars/government-orders/ സർക്കാർ ഇറക്കിയ പരിപത്രം പ്രകാരം 26 ഇന പ്രതിരോധ–പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറെ ചുമതല പ്പെടുത്തി. പരിപത്രം ഇവിടെ ലഭ്യമാണ്. http://sdma.kerala.gov.in/publications-seminars/government-orders വരൾച്ചയുടെ കാഠിന്യം മൂലം വന്യ മൃഗങ്ങളുടെ ആക്രമണം വർധിക്കുന്നത് ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് വിലയിരുത്തുവാൻ, ബഹു. ചീഫ് സെക്രട്ടറിയും, റവന്യു സെക്രട്ടറിയും, ആഭ്യന്തര സെക്രട്ടറിയും, വനംവകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി 26–11–2016 ന് ചർച്ച നടത്തി.

- GO(P) No. 598/16/Rev dated 19/12/2016 പ്രകാരം കർഷകരുടെ കാർഷിക കടങ്ങളുടെ ജപ്തി നടപടികൾക്ക് മൊറൊട്ടോറിയം പ്രഖ്യാപിച്ചു.
- ബഹു: ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ച പ്രതികരണ പ്രവർത്തനം 11-11-2016,17-12-2016,5-01-2017,30-01-2017,15-02-2017 എന്നീ തീയതികളിൽ വിലയിരുത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു.
- 31-01-2017 ന് ബഹു. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ച പ്രതികരണ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു.
- 17-02-2017 ൽ 45726/K3/2016/DMD എന്ന നമ്പരിൽ ഇറക്കിയ പരിപത്രം പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽ കിണർ നിർമിക്കുന്നത് 31-05-2017 വരെ നിയന്ത്രിച്ചു.
- GO (Rt) No.793/2017/DMD dated 25-02-2017 പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്റ്റ് നിർണയിച്ചു. 2 മാസം കൊണ്ട് ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000-10000 ലിറ്റർ വരെയുള്ള, BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിന് പുറമേ ടാങ്കർ വഴിയും കുടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചു.
- GO (Rt) No.787/2017/DMD dated 23-02-2017 പ്രകാരം വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ള വിതരണത്തിന് വിശദമായ നിർദേശങ്ങൾ പുറപ്പടുവിച്ചു.
- GO (Rt) No.852/2017/DMD dated 2-03-2017 പ്രകാരം പരമാവധി ലഭ്യമായ ടാങ്കുകളുടെ എണ്ണം പരിഗണിച്ച് 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനും വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. അതാത് ജില്ലകളിൽ സ്ഥാപിച്ച വാട്ടർ കിയോസ്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.
- No 42830/K3/2016/DMD dated 21-10-2016 ൽ സർക്കാർ ഇറക്കിയ പരിപത്രം പ്രകാരം 26 ഇന പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

| SL.NO | ജില്ല | Total |
|---|---|---|
| 1 | തിരുവനന്തപുരം | 227 |
| 2 | കൊല്ലം | 300 |
| 3 | പത്തനംതിട്ട | 275 |
| 4 | ആലപ്പുഴ | 545 |
| 5 | കോട്ടയം | 285 |
| 6 | ഇടുക്കി | 81 |
| 7 | എറണാകുളം | 177 |
| 8 | തൃശ്ശൂർ | 180 |
| 9 | പാലക്കാട് | 600 |
| 10 | മലപ്പുറം | 191 |
| 11 | കോഴിക്കോട് | 456 |
| 12 | വയനാട് | 150 |
| 12 | കണ്ണൂർ | 655 |
| 14 | കാസർകോട് | 329 |
| | **Total** | **4451** |

- താഴെ പറയുന്ന ദിവസങ്ങളിൽ അതാതു ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നു.

| തീയതി | മന്ത്രി | ജില്ല |
|---|---|---|
| 12-11-2016 | PWD | Alapuzha |
| 20-11-2016 | Transport | Wayanad |

| | | |
|---|---|---|
| 17-12-2016 | Fisheries | Kollam |
| 21-12-2016 | Corporation | Thiruvananthapuram |
| 20-01-2017 | Animal Husbandary | Kottayam |
| 28-01-2017 | Power | Iduki |
| 12-02-2017 | LSGD | Malappuram |
| 21-02-2017 | Fisheries | Kollam |
| 21-02-2017 | Excise | Kozhikode |
| 19-02-2017 | Health | Kannur |

- താഴെ പറയുന്ന ദിവസങ്ങളിൽ റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നു.

| തീയതി | ജില്ല |
|---|---|
| 21-01-2017 | Thrissur |
| 22-01-2017 | Ernakulam |
| 23-01-2017 | Alapuzha |
| 28-01-2017 | Kollam |
| 30-01-2017 | Pathanamthitta |
| 03-02-2017 | Kasargode |
| 14-02-2017 | Thiruvananthapuram |
| | |

- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് വായൂസേന ഹെലികോപ്റ്റർ ഉപയോഗിച്ച് കാട്ടുതീ കെടുത്തുവാനുള്ള പ്രത്യേക ബക്കറ്റുകൾ 2016 ൽ വാങ്ങി 3000 ലിറ്റർ വെള്ളം നിറയ്ക്കാവുന്നതാണ് ഈ ബക്കറ്റുകൾ.
- തിരുവനന്തപുരത്ത് മുക്കുന്നിമലയിൽ 21-02-2017 മുതൽ 23-02-2017 വരെ ജനവാസ കേന്ദ്രത്തിനും പട്ടാളത്തിന്റെ സംവിധാനങ്ങൾക്കും അപകടകരമായ രീതിയിൽ കാട്ടുതീ പടർന്നതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം വായൂസേനയുടെ ഹെലികോപ്റ്റർ ഉപയോഗപ്പെടുത്തി തീ കെടുത്തി. മൂന്ന് എംഐ 16 ഹെലികോപ്റ്ററുകൾ പ്രസ്തുത പ്രവർത്തനത്തിൽ പങ്കെടുത്തു. **കേരളത്തിൽ ആദ്യമായാണ് ഇത്തരത്തിൽ കാട്ടുതീ കെടുത്തുന്നതിനു നടപടി എടുത്തത്.**
- പാലക്കാട് പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ കാട്ടുതീ പടർന്നത് നിയന്ത്രണാതീതമായതിനാൽ 2-03-2017 ലെ വനം വകുപ്പിന്റെ പ്രത്യേക ആവശ്യം പരിഗണിച്ച് ചീഫ് സെക്രട്ടറിയുടെ അനുമതിയോടുകൂടി അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം വായൂ സേനയുടെ ഹെലികോപ്റ്റർ ഉപയോഗപ്പെടുത്തി. 03-03-2017 ന് തീ നിയന്ത്രണ വിധേയമാക്കി. 4-03-2017 ന് വായൂസേനയുടെ ഹെലികോപ്റ്റർ തുടർന്നും ഉപയോഗിക്കുന്നതിന് കാലാവസ്ഥ തടസ്സമാകുകയും, ഏകദേശം ഉച്ചയോടുകൂടി തീ നിയന്ത്രണ വിധേയമാണെന്ന് വനം വകുപ്പ് അറിയിച്ചതനുസരിച്ച് വായൂ സേനയുടെ ഹെലികോപ്റ്റർ തിരികെ വിളിച്ചു. ഈ പ്രവർത്തനത്തിൽ ഒരു അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററും, ഒരു എംഐ 16 ഹെലികോപ്റ്ററും പങ്കെടുത്തു.
- 4-03-2017 ന് ബഹു: മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുമായി വിശദമായ വീഡിയോ കോൺഫറൻസ് നടത്തി വരൾച്ച പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തി.
- 6-03-2017 ന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേരുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.
- കേരള വാട്ടർ അതോറിറ്റി ജല പരിശോധനയ്ക്ക് ഈടാക്കുന്ന തുക ജില്ലകളിൽ നിന്നും ഈടാക്കാതെ, ജില്ലാ കളക്ടർമാർ 31-05-2017 വരെ നൽകുന്ന ജലം പരിശോധിച്ച് നൽകുന്നതിനു 31-05-2017 ന് ശേഷം നേരിട്ട് സർക്കാരിൽ നിന്നും മാനേജിംഗ് ഡയറക്ടർക്ക് പണം നൽകുന്നത് അംഗീകരിച്ചു.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എഫ്.എം റേഡിയോ വഴിയുള്ള പ്രചാരണം ഇരട്ടി ആക്കുക. പത്രങ്ങളിലും, ടി.വിയിലും പ്രചരണം നടത്തുക. ഇതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ആവശ്യമായ അളവിൽ പ്ലാൻ ഫണ്ട് ഉയോഗിക്കാൻ അനുമതി നൽകുന്നു.

- പാലക്കാട് ജില്ലയിൽ വരൾച്ച അതിരൂക്ഷമായ പഞ്ചായത്തുകൾ കണ്ടെത്തി അനാഥരായി അലഞ്ഞു തിരിയുന്ന കന്നുകാലികൾക്ക് വൈക്കോൽ, ഫീഡ്, വെള്ളം എന്നിവ നൽകുന്ന തിന് ജില്ലാ കളക്ടർമാർ മൃഗ സംരക്ഷണ വകുപ്പും, പഞ്ചായത്തുകളുമായി ചേർന്ന് ക്യാമ്പുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക. ഇതിനാവശ്യമായ തുക ജില്ലാ കള ക്ടർമാർ ശുപാർശ ചെയ്യുന്നതനുസരിച്ച്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദ ണ്ഡത്തിനു വിധേയമായി GO (Rt) No.2704/2017/DMD dated 17-06-2017 പ്രകാരം ഒരു കോടി രൂപ ജില്ലയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു. കേരള ത്തിൽ ആദ്യമായാണ് ഇത്തരത്തിൽ നടപടി എടുത്തത്.
- കന്നുകാലികളെ അനാഥമായി മേയാൻ അനുവദിക്കാതിരിക്കുന്നതിനും, ഇത്തരത്തിൽ മേയുന്ന കന്നുകാലികളെ കണ്ടെത്തി ക്യാമ്പുകളിൽ എത്തിക്കുവാൻ മൃഗ സംരക്ഷണവകു പ്പും, പഞ്ചായത്തുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുക. ചത്ത് വീഴുന്ന മൃഗങ്ങളുടെ ശരീരം ജലസ്രോതസുകളിലും ജലാശയങ്ങളിലും മറവുചെയ്യാതിരിക്കുന്നതിനു വേണ്ട നട പടികൾ LSG കൾ സ്വീകരിക്കുക.
- മറ്റ് ജില്ലകളിൽ വരൾച്ച രൂക്ഷമായ പഞ്ചായത്തുകളിൽ കർഷകർ കന്നുകാലികളെ അനാഥ മാക്കി അലയാൻ വിടുന്നുണ്ടോ എന്ന് പരിശോധിച്ച് മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ ജില്ലാ കളക്ടറെ അറിയിക്കുക. രൂക്ഷമായ സ്ഥിതി ഉള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തേ ണ്ടുന്ന സ്ഥിതി ഉണ്ടെങ്കിൽ ജില്ലാ കളക്ടർ സർക്കാരിലേക്ക് അറിയിക്കേണ്ടുന്നതാണ്.
- 2016 ൽ അനുവദിച്ചതു പോലെ, LSG കൾക്ക് തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ജല വിതരണ നടത്തുവാൻ അനുമതി നൽകുവാൻ LSG വകുപ്പിനോട് ശുപാർശ ചെയ്തു.
- ജനവാസമില്ലാത്ത വനമേഖലയിൽ കാട്ടുതീ കെടുത്തുവാൻ വനം വകുപ്പ് PCCF ശുപാർശ ചെയ്യുന്നതനുസരിച്ച്, സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ (ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി) അനുമതിയോടുകൂടി Air Force Helicopter കൾ ഉപയോഗപ്പെടുത്തുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിന് അനുമതി നൽകി.
- GO (Rt) No.662/2017/ LSGD dated 9-03-2017 പ്രകാരം LSG കൾക്ക് ചുവടെ ചേർക്കുന്ന രീതിയിൽ തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ജല വിതരണം നടത്തുവാൻ അനുമതി നൽകി.
    - ഗ്രാമപഞ്ചായത്ത്: 5 ലക്ഷം –ഉത്തരവിറങ്ങുന്ന തീയതി മുതൽ 31–03–2017 വരെ
    - ഗ്രാമപഞ്ചായത്ത്: 10 ലക്ഷം – 1–4–2017 മുതൽ 31–05–2017 വരെ.
    - മുനിസിപ്പാലിറ്റി: 10 ലക്ഷം – ഉത്തരവിറങ്ങുന്ന തീയതി മുതൽ 31–03–2017 വരെ.
    - മുനിസിപ്പാലിറ്റി: 15 ലക്ഷം – 1–4–2017 മുതൽ മുതൽ 31–05–2017 വരെ
    - കോർപ്പറേഷൻ : 15 ലക്ഷം –ഉത്തരവിറങ്ങുന്ന തീയതി മുതൽ 31–03–2017 വരെ.
    - കോർപ്പറേഷൻ: 20 ലക്ഷം – 01–04–2017 മുതൽ 31–05–2017 വരെ.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി KSRTC ബസ്സുകളിലും സാമൂഹ്യ മാധ്യമങ്ങളിലും, റേഡിയോയിലും ജലത്തെ ബഹുമാനിക്കൂ വരൾച്ചയെ പ്രതിരോധിക്കൂ. എന്ന പരസ്യ വാച കത്തെ അടിസ്ഥാനപ്പെടുത്തി ജല വിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തി. ഇത് കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും KSRTC യും ചേർന്ന് തയ്യാറാ ക്കിയ വരൾച്ചാ പ്രതിരോധ സന്ദേശവാഹിനി ബസ്സുകൾ 12–04–2017 ൽ 10.30 ന് റവന്യൂ–ദുരന്ത നിവാരണ വകുപ്പ് മന്ത്രിയും, ഗതാഗത വകുപ്പ് മന്ത്രിയും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിപുലമായ വരൾച്ചാ പ്രതിരോധ പ്രചാരണ പരിപാ ടികൾ റേഡിയോ, ടിവി, സിനിമ തീയേറ്ററുകൾ, പത്രമാധ്യമങ്ങൾ എന്നിവ വഴി നൽകി.
- മാർച്ച് 28 ന് ബഹു:കേന്ദ്ര കൃഷി മന്ത്രിയെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും, ബഹു:കൃഷിമന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു.
- കേരളവും വരൾച്ച ബാധിതമാണ് എന്ന് അംഗീകരിച്ച് കേന്ദ്രസർക്കാർ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 50 തൊഴിൽ ദിനങ്ങൾ അധികമായി കേരളത്തിന് അനുവദിച്ചു (Ltr.No.J-11018/1/3/2016-MGNREGA-IC dated 28-03-2017).

- കുടിവെള്ള വിതരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 69.9 കോടി രൂപ സർക്കാർ അനുവദിച്ചു.

| 2016–17 | |
|---|---|
| GO (Rt) No.2253/2016/DMD dated 07-04-2016 | Rs.21.54 crores |
| GO (Rt) No. 2720/2016/DMD dated 08-07-2016 | Rs.93.15 lakhs |
| GO (Rt) No. 2871/2016/DMD dated 09-07-2016 | Rs.3.7 crores |
| GO (Rt) No. 4490/2016/DMD/dated 26-10-2016 | Rs.1.25 crores |
| GO (Rt) No. 4743/2016/DMD dated 11-11-2016 | Rs.7 crores |
| GO (Rt) No. 673/2017/Rev dated 18-02-2017 | Rs.6.96 lakhs |
| GO (Rt) No.714/2017/RD dated 20-02-2017 | Rs.22.5 crores |
| GO (Rt) No.1072/2017/RD dated 14-03-2017 | Rs.12.92 crores |
| **Total** | **69.9 crores** |

## 2.9 കേന്ദ്ര സർക്കാർ–യു.എൻ.ഡി.പി–ദുരന്ത നിവാരണ–കാലാവസ്ഥാ വ്യതിയാന പദ്ധതി (2013–2017)

ഗവൺമെന്റ് ഓഫ് ഇന്ത്യ–യു.എൻ.ഡി.പി ദുരന്ത നിവാരണ–കാലാവസ്ഥാ വ്യതിയാന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം നഗരസഭയുടെ ദുരന്ത നിവാരണ സെല്ലിലൂടെ നഗര ദുരന്ത നിവാരണ ആസൂത്രണ രേഖയും, ദുരന്ത അപകട അപഗ്രഥന രേഖയും, നഗര ദുരന്ത മുന്നറിയിപ്പ് രേഖയും, വാർഡുതലത്തിൽ 2500 സന്നദ്ധ പ്രവർത്തകർക്ക് ദുരന്ത നിവാരണ പരിശീലനവും നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ വാർഷിക റിപ്പോർട്ടുകൾ ഇവിടെ http://sdma.kerala.gov.in/eicreed-undp-funded/ ലഭ്യമാണ്.

ഈ പദ്ധതിയിൽ മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല)എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി ഇവിടെ ലഭ്യമാണ്. http://sdma.kerala.gov.in/disaster-management-plans/

ഇന്ത്യയിൽ തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത നിവാരണ പദ്ധതിയും, മുന്നറിയിപ്പ് പദ്ധതിയും തിരുവനന്തപുരം നഗരത്തിന് വേണ്ടി 2015 ൽ തയ്യാറാക്കുകയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽ നിന്നും പണം വകയിരുത്തുകയും ചെയ്തു. ഈ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ഈ ലിങ്കിൽ http://sdma.kerala.gov.in/disaster-management-plans/ ലഭ്യമാണ്.

## 2.10 തീര നിരീക്ഷണ സംവിധാനം

ദേശീയ ഭൗമ ശാസ്ത്ര കേന്ദ്രത്തിനു (NCESS) കടൽ നീരീക്ഷണ പരീക്ഷണ സംവിധാനം സ്ഥാപിക്കുവാനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 23.22 ലക്ഷം രൂപ അനുവദിച്ചു. മേൽ സംവിധാനം തിരുവനന്തപുരത്ത് വലിയതുറയിൽ സ്ഥാപിച്ചു. ഈ സംവിധാനം ബഹു:റവന്യൂ–ദുരന്ത നിവാരണ വകുപ്പ് മന്ത്രി 29–9–2016 ന് ഉദ്ഘാടനം ചെയ്തു.

## 2.11 ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണ പദ്ധതി

ഈ പ്രോജക്ടിൽ ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണത്തിനായി ഇന്ത്യയിലെ ആദ്യ കൈപുസ്തകം തയ്യാറാക്കുകയും, വിവിധ തലങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു. ബ്രയിൽ ലിപിയിൽ 6 തരം ദുരന്തങ്ങളെ കുറിച്ച് ലഘുലേഖ തയ്യാറാക്കി. ശബ്ദ, ആംഗ്യ ഭാഷയിൽ 5 തരം ദുരന്തങ്ങളെ കുറിച്ച് ലഘുലേഖ തയ്യാറാക്കി. ജില്ലാ തലത്തിലെ പരിശീലനങ്ങൾ Inter University Centre for Disability studies, MG University യുമായി ചേർന്ന് നടത്തുവാനുള്ള തീരുമാനം ആയി. ഈ പദ്ധതി 2018–19 സാമ്പത്തിക വർഷം പൂർത്തിയാകും. 50 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തി.

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & InbÀ തെറാപ്പിയിൽ ഈ പദ്ധതി യുടെ ഭാഗമായി ഒരു കാലാവസ്ഥാ നിരീക്ഷണ ഉപകരണം സ്ഥാപിച്ചു.

## 2.12 തീരദേശ വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പദ്ധതി

കേരളത്തിൽ ശരാശി 1500 പേരോളം ഒരു വർഷം മുങ്ങിമരണപ്പെടുന്നുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ മരണപ്പെടുന്നവരിൽ ബഹുഭൂരിപക്ഷവും അശ്രദ്ധയോടെ ജലകേളിക ളിൽ ഏർപ്പെടുന്നവരാണ്. ബീച്ചുകളിലെ ഗാർഡുകളെ ശാക്തീകരിക്കുക വഴി ഇത്തരം അപകട മരണ ങ്ങൾ കുറയ്ക്കുവാൻ സാധിക്കും. തീരദേശ വിനോദ സഞ്ചാരികളുടെ സുരക്ഷയ് ക്കായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചിലവഴിച്ച് ദുരന്ത നിവാരണ അതോറിറ്റി പദ്ധതി നടപ്പാക്കി.

ബീച്ചുകളിൽ എത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹാൻഡ് മൈക്ക്, ബൈനോക്കുലറുകൾ, റസ്ക്യൂ സർഫ് ബോർഡുകൾ, ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ്സ് എന്നിവ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 17 അംഗീകൃത ബീച്ചുകളിൽ ഉള്ള ബീച്ച് ഗാർഡുകൾക്കായി ഡി.ടി.പി.സികൾക്ക് വിതരണം ചെയ്തു.

കൂടാതെ നേവി, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്. തീരദേശ പോലീസ് എന്നീ സേനക ളുടെ സഹായത്തോടെ ബീച്ച് ഗാർഡുകളുടെ ശാക്തീകരണ പരിശീലനത്തിനും, മറ്റ് ഉപകരണങ്ങൾ (വലിയ ബീച്ച് കുടകൾ, ഗോഗുളുകൾ) ആവശ്യാനുസരണം വാങ്ങി നൽകുന്നതിനും, ബീച്ചുകളിൽ അപകടമേഖലാ സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനും അംഗീകൃത ബീച്ചുകൾ ഉള്ള തിരുവന ന്തപുരം, കൊല്ലം, ആലപ്പുഴ,ഏറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് 60,000– രൂപ വീതം നൽകി.

## 2.13 അന്തർദേശീയ സുനാമി മോക്ക് ഡ്രിൽ – (Io Wave 2016)

മക്രാൻ കടലിൽ 9 തീവ്രതയുള്ള (Magnitude 9) ഭൂകമ്പം ഉണ്ടാകുന്ന സ്ഥിതിയിൽ ഉത്ഭവി ക്കാവുന്ന സുനാമി കേരളതീരത്ത് എത്തുന്നു എന്ന പ്രത്യേക സാഹചര്യം ആണ് ഈ മോക്ക് ഡ്രില്ലി നായി ദേശീയ സമുദ്ര വിവരശേഖരണ സെന്റർ (INCOIS) തയ്യാറാക്കിയത്. മേൽ സാഹചര്യത്തിൽ സുനാമിയുടെ അംഗീകൃത സ്ഥിരപ്രവർത്തന രൂപരേഖയുടെ (Standard Operating Procedure) അടി സ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും പ്രവർത്തന ക്ഷമത വിലയിരു ത്താനുമായി സെപ്റ്റംബർ 8, 2016 ന് രാവിലെ ഇന്ത്യൻ സമയം 11.30 ന് സുനാമി മുന്നറിയിപ്പ് കിട്ടുന്നു എന്ന വിവക്ഷയിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കാസർഗോഡ് എന്നീ തീരദേശ ജില്ലക ളിലെ ഓരോ വില്ലേജുകൾ ഒരു മണിക്കൂറിനുള്ളിൽ ഒഴിപ്പിക്കുക എന്നതാണ് പ്രധാനമായും ഈ ഡ്രില്ലിൽ ലക്ഷ്യം വെച്ചത്.

പോലീസ്, റവന്യൂ, അഗ്നിരക്ഷാ സേന, ആരോഗ്യം എന്നീ സംസ്ഥാന വകുപ്പുകളും, ദേശീയ ദുരന്ത പ്രതികരണ സേന, വയൂസേന, സൈന്യം, കോസ്റ്റ് ഗാർഡ്, നേവി, ഐ.റ്റി.ബി.പി എന്നീ ദേശീയ സേനകളും ഈ ഡ്രില്ലിൽ പങ്കെടുത്തു.

മോക്ക് ഡ്രില്ലിന് മുൻപായി, സെപ്റ്റബർ 7 ന്, തിരഞ്ഞെടുത്ത തീരദേശ വില്ലേജുകളിൽ ദേശീയ ദുരന്ത പ്രതികരണ സേന, അഗ്നിരക്ഷാസേന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നീ ഏജൻസികൾ ചേർന്ന് ദുരന്ത പ്രതികരണ പരിശീലന പരിപാടി നടത്തി.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം മോക്ക് ഡ്രിൽ ഏകോപിപ്പിച്ചു. ഈ മോക്ക് ഡ്രിൽ സംബന്ധിച്ച നിർദേശങ്ങളും, വിശദമായ റിപ്പോർട്ടും http://sdma.kerala.gov.in/iowave16-tsunami-mock-drill-september 2016/ ഇവിടെ ലഭ്യമാണ്.

## 2.14 സംസ്ഥാന –ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും, ജില്ലാ അതോറിറ്റികൾക്കും പ്രവർത്തനത്തി നായി സ്ഥിരം തസ്തിക അനുവദിച്ചിട്ടുള്ളത് ആകെ 5 എണ്ണം മാത്രമാണ്; സംസ്ഥാന അതോറിറ്റി യുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം മേധാവിയുടെ ഒരു തസ്തിക, സംസ്ഥാന അതോറിറ്റി യുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ ഹസാർഡ് ആന്റ് റിസ്ക് അനലിസ്റ്റിന്റെ ഒരു

തസ്തിക, സംസ്ഥാന അതോറിറ്റിയുടെ കാര്യാലയത്തിന്റെ പ്രവർത്തനത്തിനായി സെക്ഷൻ ഓഫീസ റുടെ ഒരു തസ്തികയും സീനിയർ ക്ലാർക്കിന്റെ ഒരു തസ്തികയും, ഒരു അറ്റൻഡർ തസ്തികയും. ജില്ലാ അതോറിറ്റികളുടെ പ്രവർത്തനത്തിന് സാങ്കേതിക സേവനം നൽകുവാൻ ഉതകുന്ന തലത്തിൽ സ്ഥിരം തസ്തികകൾ ലഭ്യമായിരുന്നില്ല.

മേൽ സാഹചര്യത്തിൽ കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായ ത്തോടെ സംസ്ഥാന അതോറിറ്റി സംസ്ഥാന–ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീക രണം മുന്നിൽ കണ്ട് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുവാനുള്ള പദ്ധതി നടപ്പാക്കുവാൻ ആരംഭിച്ചു. ഈ പദ്ധതിയിൽ സംസ്ഥാന അതോറിറ്റിയിൽ മൂന്ന് വിദഗ്ദ്ധരേയും, 6 ജില്ലാ അതോറിറ്റിക ളിൽ ഓരോ വിദഗ്ദ്ധരേയും നിയമിക്കുവാനാണ് കേന്ദ്ര അതോറിറ്റിയിൽ നിന്നും അനുമതി ലഭിച്ചത്.

ഈ പദ്ധതിയിൽ വയനാട്, കോഴിക്കോട്, തൃശൂർ, എറണാകുളം, ഇടുക്കി, കൊല്ലം എന്നീ ജില്ലാ അതോറിറ്റികളുടെ ജില്ലാ അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിൽ ഓരോരുത്തരെ വീതവും, സംസ്ഥാന അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ മൂന്നു പേരെ വീതവും നിയോഗിച്ചു. (GO (Rt)No.1857/2016/DMD dated 2-03-2016, GO (Rt)No.4483/2016/DMD dated 25-10-2016)

എന്നാൽ ഇത് പരമിതമാണ് എന്ന് കണ്ട് 2016 മാർച്ച് 28 ന് ബഹു: റവന്യൂ–ദുരന്ത നിവാരണ വകുപ്പ് മന്ത്രി. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളെ സന്ദർശിച്ച് എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ അനുമതി തേടി. കേന്ദ്ര അതോറിറ്റി DO Letter No. S1-64/1 6/PP dated 21-02-2017 പ്രകാരം അനുമതി നൽകി.

### 2.15 ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസ് (2–5 നവംബർ 2016)

ദുരന്ത ലഘൂകരണ പദ്ധതികളും അവയുടെ ഏഷ്യൻ മേഖലയിലെ നിലവിലെ സ്ഥിതിയും സംസ്ഥാനത്തെ വിവിധ നഗരസഭകൾക്കും, ജില്ല പഞ്ചായത്തുകൾക്കും ബോധ്യപ്പെടുത്തുവാൻ വേണ്ടി നഗരസഭാ അദ്ധ്യക്ഷൻമാരെയും, ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരെയും ഡൽഹിയിൽ 2–5 നവംബർ 2016ൽ നടന്ന ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസിന് കൊണ്ട് പോയി. മുതിർന്ന IAS,IPS ഉദ്യോഗസ്ഥരും, ഈ പരിപാടിയിൽ കേരളത്തിൽ നിന്നം പങ്കെടുത്തു. കേരള ത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വിശദീകരിച്ച് ഒരു എക്സിബിഷൻ സ്റ്റാളും ഇതോടനുബ ന്ധിച്ചു നടന്ന എക്സിബിഷനിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി. ബഹു: കൃഷി വകുപ്പ് മന്ത്രി ഈ പരിപാടിയിൽ പങ്കെടുത്ത് നേതത്വം നൽകി.

ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസിന് മുന്നോടിയായി കേരളത്തിലെ സ്കൂളുകളിൽ ഒരു ചിത്ര രചനാ മത്സരം നടത്തി. ഇതിൽ വിജയിച്ച 3 കുട്ടികളെ (First: Ms. Geethanjali Nair. IX C, KV Adoor, Second: Ms Jency Johnson, VII C KV Port Trust, Kochi: Third:Ms Vrindha S, IX, B, KV Adoor) ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസിന് പ്രധാനമന്ത്രി നേരിട്ട് പങ്കെടുത്ത ചിത്ര രചനാ മത്സരത്തിൽ പങ്കെടുപ്പിച്ചു.

### 2.16 കേരളത്തിലെ കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, കാലാവസ്ഥാ വ്യതിയാന ത്തിന്റെ വെളിച്ചത്തിൽ (21–11–2016)

വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രും ചേർന്ന് 21 നവംബർ 2016 ന് Climate Variability in Kerala in Recent years: Climate Change perspectives എന്ന വിഷയ ത്തിൽ ഒരു ശില്പശാല നടത്തി. Workshop ന്റെ ഫലമായി Climate Variability in Kerala in Recent Years: Climate Change Perspectives എന്ന പേരിൽ ഒരു വിശദമായ പുസ്തകവും തയ്യാ റാക്കി പ്രസിദ്ധീകരിച്ചു.

ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച ഈ പരിപാടിയിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി സർക്കാരിന് അനുരൂപീകരണ പദ്ധതികൾ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം സമർപ്പിച്ചു.

## 2.17 അന്തർദേശീയ ദുരന്ത തയ്യാറെടുപ്പ്-അടിയന്തിരഘട്ട പ്രതികരണ ശിൽപ്പശാല (4-01-2017 to 6-01-2017)

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, കോലഞ്ചേരി മെഡിക്കൽ കോളേജും ചേർന്ന് അന്തർദേശീയ ദുരന്ത തയ്യാറെടുപ്പ്-അടിയന്തിരഘട്ട പ്രതികരണ ശിൽപ്പശാല നടത്തി. ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗം ഡോ.ഡി.എൻ.ശർമ്മ ഉദ്ഘാടനം നിർവഹിച്ച ഈ പരിപാടിയിൽ കേരള ത്തിലെയും, വിദേശ രാജ്യങ്ങളിലെയും, പ്രതിനിധികൾ പങ്കെടുത്തു. 200 ഓളം ആരോഗ്യ രംഗത്തെ പ്രതിനിധികൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു.

## 2.18 പുറ്റിങ്ങൽ വെടിക്കെട്ട് അപകടവും, സ്ഫോടന വസ്തുക്കൾ സംബന്ധിച്ച ശിൽപ ശാലയും

പുറ്റിങ്ങൽ വെടിക്കെട്ട് അപകടം ഒരു സംസ്ഥാന ദുരന്തമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച് GO (Ms)No. 318/2016/DMD dated 25/05/2016 പ്രകാരം പ്രഖ്യാപിച്ചു. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ചുള്ള ദുരിതാശ്വാസം മരണപ്പെട്ടവരുടെ ബന്ധക്കൾക്കും, ശരീരക്ഷതം സംഭവിച്ചവർക്ക് ചികിത്സയ്ക്കും, വീടിന് നാശനഷ്ടം സംഭവിച്ചവർക്കും നൽകുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി അനുവദിച്ചു. 'Standard Operating Procedure for Festival Disasters- Safety in Religious Mass Gatherings' (http://sdma.kerala.gov.in/piblications/Handbook/ILDM_2015.pdf) എന്ന പേരിൽ സംസ്ഥാന അതോ റിറ്റി ഒരു അടിയന്തിരഘട്ട പ്രവർത്തന രൂപരേഖ മാർച്ച് 2015 ന് തന്നെ എല്ലാ വകുപ്പുകളെയും ഉൾപ്പെ ടുത്തി തയ്യാറാക്കി ജില്ലകൾക്ക് നൽകിയിരുന്നു. പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിന്റെ വെളിച്ച ത്തിൽ സർക്കാർ Govt. Letter No.25548/K2/2016/DMD dated 19/04/2016 പ്രകാരം അടുത്ത ഒരു ഉത്ത രവ് വരെ ഈ അടിയന്തിരഘട്ട പ്രവർത്തന രൂപരേഖ ഒട്ടും വീഴ്ച കൂടാതെ നടപ്പാക്കണം എന്ന കർശന നിർദ്ദേശം എല്ലാ ജില്ലാ അതോറിറ്റികൾക്കും നൽകി.

പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിന്റെ വെളിച്ചത്തിൽ 21-02-2017 ന് 'Workshop on explosive licensing' എന്ന ഒരു ശില്പശാല തിരുവനന്തപുരത്ത് വച്ച് ജില്ലാ കളക്ടർമാർക്കും, ജില്ല പോലീസ് മേധാവിമാർക്കുമായി നടത്തുകയും വ്യക്തമായ നിയമപരിഷ്കരണ ശുപാർശ സർക്കാരിലേക്ക് നൽകുകയും ചെയ്തു. ബഹു: റവന്യൂ മന്ത്രി ഉദ്ഘാടനം ചെയ്ത പ്രസ്തുത ശില്പശാലയിൽ അഡീ ഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് ശ്രീ.പി.എച്ച്.കുര്യൻ മുഴുവൻ സമയം പങ്കെടുക്കു കയും ശിൽപ്പശാല നേരിട്ട് നിയന്ത്രിക്കുകയും ചെയ്തു. പ്രസ്തുത ശിൽപ്പശാലയിൽ Petroleum and Explosives Safety Organisation ന്റെ പ്രതിനിധി ക്ലാസുകൾ എടുത്തു.

## 2.19 നിയമസഭാ സമാജികർക്കായി ശിൽപ്പശാല (14-03-2017)

കേരളത്തിലെ നിയമസഭാ സാമാജികർക്കായി ദുരന്ത നിവാരണ നിയമവും പ്രാദേശിക പ്രശ്ന ങ്ങളും എന്ന വിഷയത്തിൽ ശില്പശാല ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ബഹു:റവന്യൂ മന്ത്രി അദ്ധ്യക്ഷത വഹിച്ച ഈ പരിപാടിയിൽ നൂറോളം നിയമസഭാ സാമാജികർ പങ്കെടുത്തു. ദുരന്ത നിവാ രണ നിയമം സംബന്ധിച്ചും, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും, അടിയന്തിര ജീവൻ രക്ഷാപ്രവർത്തനത്തിലും പരിശീലനം നൽകി. പങ്കെടുത്ത എല്ലാ ബഹു: സാമാജികർക്ക് ദുരന്ത നിവാ രണവുമായി ബന്ധപ്പെട്ട വിവരങ്ങളും, മാനദണ്ഡവും, പദ്ധതികളും ഉൾക്കൊള്ളിച്ച് ഒരു പെൻഡ്രൈവും നൽകി. ചില സവിശേഷ ദുരന്ത നിവാരണ ഉപകരണങ്ങളുടെ പ്രദർശനവും ഇതോ ടൊപ്പം നടത്തി.

## 2.20 സ്റ്റുഡന്റ്സ് റാപിഡ് റസ്പോൺസ് ഫോഴ്സ് (SRRF)

കോഴിക്കോട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലാണ് ഈ സേന രൂപീകരിക്ക പ്പെട്ടത്. മലയോര മേഖലകളിലും മറ്റും ദുരന്തങ്ങളെ നേരിടുന്നതിനും ദുരന്തത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുമായി ജനങ്ങളെ പ്രാപ്തരാക്കുകയെന്നതാണ് സേന യുടം അടിസ്ഥാന ലക്ഷ്യം. താമരശ്ശേരി താലൂക്കിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ 50 വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് കൊണ്ട് സ്റ്റുഡന്റ് റാപ്പിഡ് ഫോഴ്സിന്റെ ഉദ്ഘാടനം കോഴിക്കോട് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നിർവ്വഹിച്ചു.

പശുക്കടവ് ഉണ്ടായ ദുരന്തത്തിൽ നിന്ന് ഉൾക്കൊണ്ട പാഠങ്ങളിൽ നിന്നാണ് ഇങ്ങനെ ഒരു ആശയം ഉരുത്തിരിഞ്ഞത്. തദ്ദേശീയരായ യുവാക്കൾക്ക് ഉള്ള അത്രയും പ്രാദേശിക ജ്ഞാനം NDRF പോലുള്ള സേനയുടെ ട്രെയിനിങ്ങുമായി ചേർന്നാൽ വളരെ ഫലപ്രദമായി ഇടപെടാൻ സാധിക്കും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇതിനായി പ്രത്യേകം ധനസഹായം നൽകി. ക്യാമ്പ് രൂപീക രണത്തോടൊപ്പം സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ടെറിട്ടോറിയൽ ആർമി, മെഡിക്കൽ, പോലീ സ്, അഗ്നിശമനസേന, തീരദേശസേന, ദുരന്തനിവാരണ വിഭാഗം, ദേശീയ ദുരന്തനിവാരണ സേന എന്നിവയിലെ വിദഗ്ദ്ധസംഘം വിദ്യാർത്ഥികൾക്ക് അതത് വിഷയങ്ങളിൽ ക്ലാസും പരിശീലനവും നൽകി.

## 2.21 വകുപ്പുകളുടെ ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കൽ

- ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 22 (2) (p) പ്രകാരം പ്രധാന ദുരന്ത പ്രതികരണ വകുപ്പുകളുടെ ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന അതോറിറ്റി തീരുമാനിക്കുകയും, ഈ പദ്ധതിയുടെ ഭാഗമായ ലാൻഡ് റവന്യൂ വകുപ്പിന്റെ കമ്മീഷണറുടെ കീഴിൽ ഉള്ള സ്റ്റേറ്റ് കൺട്രോൾ റൂം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചു. മറ്റ് സ്രോതസ്സുകളിൽ നിന്നും പണം ലഭ്യമല്ലാത്ത ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കലിനാണ് ഇത്തരത്തിൽ പണം അനുവദിക്കുന്നത്.
- അഗ്നി സുരക്ഷാ വകുപ്പിന് അഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കുന്നതിനായി എൽ. പി.ജി ലീക്ക് ഉണ്ടാകുന്ന അവസരത്തിൽ പോലും ഉപയോഗിക്കാവുന്ന (intrinsically safe) തരത്തിലുള്ള VHF റേഡിയോകൾ വാങ്ങുവാൻ 25 ലക്ഷം രൂപ അനുവദിച്ചു.

## 2.22 വരൾച്ചാ പ്രതിരോധം അടിയണ നിർമാണ മാതൃക

കേരളത്തിൽ ഏറ്റവും കൂടതൽ വരണ്ട കാലാവസഥയും, ജലക്ഷാമവും ഉള്ളപ്രദേശമാണ് പാലക്കാട് ജില്ലയിലെ വടകരപ്പതി പഞ്ചായത്തിലെ ഒഴലപ്പതി. ഈ പ്രദേശത്ത് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹായത്തോടെ ഒരു മാതൃകാ കുളം നവീകരണ പരീക്ഷണം നടത്തി. അടി യണ നിർമാണത്തിലൂടെ മാരിയമ്മൻ കോവിലിന്റെ ക്ഷേത്രക്കുളം തീവ്ര വരൾച്ചാ കാലത്തും 50,000 ലിറ്റർ ജലം സംഭരിക്കാവുന്ന സ്ഥിതിയിൽ എത്തിച്ചു.

## 2.23 ഉരുൾപൊട്ടൽ ഗവേഷണം

തൃശ്ശൂർ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ജിയോളജി വിഭാഗവുമായി ചേർന്ന് കോഴി ക്കോട് തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടൽ സംബന്ധിച്ച ഒരു സാമൂഹിക ഗവേഷണ പദ്ധതിക്ക് അനുമതി നൽകി. സാമൂഹികമായി ദുരന്ത ലഘൂകരണ പദ്ധതികൾ ഉൾക്കൊള്ളുവാൻ പൊതുജനങ്ങളെയും, പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങളെയും പ്രാപ്തരാക്കുവാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി.

## 2.24 ദുരന്ത ലഘൂകരണം സംബന്ധിച്ച പ്രചാരണ പരിപാടികൾ

- 5–04–2016 മുതൽ 5–05–2016 വരെ വരൾച്ച പ്രതിരോധം സംബന്ധിച്ച് ആകാശവാണി, എഫ്.എം റേഡിയോ എന്നിവ മുഖാന്തിരം സന്ദേശങ്ങൾ നൽകി.
- 21–08–2016 മുതൽ 19–09–2016 വരെ വരൾച്ച: പ്രതിരോധം സംബന്ധിച്ച് ആകാശവാണി, എഫ്.എം റേഡിയോ എന്നിവ മുഖാന്തിരം സന്ദേശങ്ങൾ നൽകി.
- 6–09–2016: ആകാശവാണിയുടെ റിക്രിയേഷൻ ക്ലബ് മാസികയിൽ ദുരന്ത ലഘൂകരണം സംബ ന്ധിച്ച പരസ്യം നൽകി.
- 7–09–2016 മുതൽ 27–09–2016 വരെ: മുങ്ങി മരണ പ്രതിരോധം എന്ന വിഷയത്തിൽ സിനിമാ തിയേറ്ററുകളിൽ പരസ്യം നൽകി.
- 21–10–2016 Kerala State Institute of Children's Literature എന്ന സർക്കാർ സ്ഥാപനത്തിന്റെ പ്രസിദ്ധീകരണമായ തളിര് മാസികയിൽ ദുരന്ത ലഘൂകരണം സംബന്ധിച്ച പരസ്യം നൽകി.
- 16–12–2016 മുതൽ 15–01–2017 വരെ, 25–01–2017 മുതൽ 24–02–2017 വരെ, 25–2–2017 മുതൽ 34–03–2017 വരെ: കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വ്യാപകമായി സ്റ്റിക്കർ പതിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രചരണം നടത്തി.

- 22–12–2016: യോജന മാസികയിൽ ദുരന്ത ലഘൂകരണം സംബന്ധിച്ച പരസ്യം നൽകി.
- 25–12–2016 മുതൽ 31–12–2016 വരെ: മുങ്ങി മരണ പ്രതിരോധം എന്ന വിഷയത്തിൽ സിനിമാ തിയേറ്ററുകളിൽ പരസ്യം നൽകി.
- 27–12–2016: പടക്ക അപകടങ്ങൾ പ്രതിരോധം സംബന്ധിച്ച് സിനിമാ തിയറ്ററുകളിൽ പരസ്യം നൽകി.
- 13–10–2016: ആകാശവാണി മുഖാന്തിരം അന്തർദേശീയ ദുരന്ത ലഘൂകരണ ദിനത്തോട് അനുബന്ധിച്ച് മുഴുവൻ ദിവസ പ്രചരണം ദുരന്ത ലഘൂകരണം സംബന്ധിച്ച് നടത്തി.
- 05–02–2017 മുതൽ 06–03–2017 വരെ: വരൾച്ച സംബന്ധിച്ച് ആകാശവാണി, എഫ്.എം റോഡിയോ എന്നിവ മുഖാന്തരം സന്ദേശങ്ങൾ നൽകി.

## 2.25 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വൈബ്സൈറ്റ്

സംസ്ഥാന അതോറിറ്റിയുടെ വെബ്സൈറ്റ് (www.sdma.kerala.gov.in) ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് പരിഷ്കരിക്കുന്നതിന് സിഡ്കോയെ ഏൽപിക്കുകയും, വെബ്സൈറ്റ് വേർഡ് പ്രസ്സ് എന്ന ആധുനിക സാങ്കേതത്തിലേക്ക് പുതുക്കി, സ്റ്റേറ്റ് ഡാറ്റാ സെന്റർ 2 ൽ സ്ഥാപിക്കുകയും ചെയ്തു.

## 2.26 ഭൂകമ്പ നിരീക്ഷണ ശൃംഖലയുടെ ശാക്തീകരണം

സംസ്ഥാന അതോറിറ്റിയും, വൈദ്യുത ബോർഡും ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കേരളത്തിലെ ഭൂകമ്പ നിരീക്ഷണ ശൃംഖല. ഈ ശൃംഖലയുടെ ശാക്തീകരണത്തിനായി ഒരു പുതിയ ഭൂകമ്പ മാപിനിയും, ആക്സിലറോമീറ്ററും വാങ്ങി അധികമായി സൂക്ഷിച്ചിട്ടുണ്ട്. (GO (Rt) No. 3151/2016/DMD dated 4th August 2016)

## 2.27 ഡിസാസ്റ്റർ റിസ്ക് ആൻഡ് വൾനറബിലിറ്റി കോൺഫറൻസ്

2011, 2014 വർഷങ്ങളിൽ എം.ജി സർവകലാശാല, കേരള സർവകലാശാല എന്നിവിടങ്ങളിൽ നടന്ന ഡി.ആർ.വി.സി എന്ന ശാസ്ത്ര കോൺഫറൻസ് 2016 മാർച്ച് മാസത്തിൽ 29 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ കേരള സർവകലാശാലയിൽ നടന്നു. കേരള സർവകലാശാലയും, എം.ജി സർവകലാശാലയും, സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി സംഘടിപ്പിച്ച ഈ ശിൽപ്പശാലയിൽ 37 ശാസ്ത്ര പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. 200 ഓളം ശാസ്ത്ര പ്രതിനിധികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ കോൺഫറൻസിൽ പങ്കെടുത്തു. ഈ കോൺഫറൻസ് എല്ലാ രണ്ട് വർഷത്തിലും ഒരിക്കൽ നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സഹായം നൽകുന്നത് അതോറിറ്റി പരിഗണിക്കുകയും, അതോറിറ്റിയുടെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കോൺഫറൻസിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ ഇവിടെ ലഭ്യമാണ്. https://www.researchgate.net/profile/pradeepkumar_Ap2/publications/315815859_DRVC2017_Disaster_Risk_and_Vulnerability_Conference_2017/links/58ef7941458515930ece1c9e/DRVC2017-Disaster-Risk-and-Vulnerability-Conference-2017.pdf.

## 2.28 ദുരന്ത നിവാരണ അതോറിറ്റിയിടെ ആസ്ഥാന മന്ദിരം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിര നിർമ്മാണം 2015 ൽ ആരംഭിച്ചു. 2016–17 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണം 40% ത്തോളം പൂർത്തീകരിച്ചു.

## 2.29 സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ (എസ്.ഇ.ഒ.സി) വിവര സാങ്കേതിക വിദ്യയും വാർത്താവിനിമയവും

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയാണ് എസ്.ഇ.ഒ.സി യുടെ പ്രവർത്തനമാരംഭിച്ചത്. സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതു എസ്.ഇ.ഒ.സി യിൽ നിന്നായതുകൊണ്ട് ഒരു സമ്പൂർണ്ണ തീരുമാന സഹായ സംവിധാനം (Decision Support

System) തയ്യാറാക്കുവാൻ കെൽട്രോൺ 2015 ൽ ആരംഭിച്ചു. പദ്ധതിയുടെ പ്രവർത്തന ഉത്ഘാടനം 2018 ൽ നിർവഹിക്കാം എന്ന് പ്രതീക്ഷിക്കുന്നു.

## 2.30 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ നടത്തിയ പരിശീലന പരിപാടികൾ

| ക്രമ നം | പേര്, തസ്തിക | നടത്തിയ പരിശീലനം | തീയതി |
|---|---|---|---|
| 1 | ശ്രീമതി. അശ്വതി പി. ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ, കോഴിക്കോട് | സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം, തിരുവമ്പാടി വില്ലേജ്, കോഴിക്കോട് | 18–4–2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ, എൻ.ഐ.ടി കോഴിക്കോട് | 29–8–2016 |
| | | സ്റ്റുഡന്റ്സ് റാപ്പിഡ് റസ്പോൺസ് ഫോഴ്സ് പരിശീലനം | 28–12–2016 |
| | | പഞ്ചായത്ത്കൾക്കും, കുടുംബശ്രീ അംഗങ്ങൾക്കും, ദുരന്ത ലഘൂകരണ പരിശീലനം, കളക്ടറേറ്റ്, കോഴിക്കോട് | 30–08–2016 |
| | | പോലീസ് ഉദ്യോഗസ്ഥർക്ക് ദുരന്തത്തിൽ ഉള്ള മാനസിക ആഘാത ലഘൂകരണ പരിശീലനം, കുതിരവട്ടം മാനസിക ആരോഗ്യ കേന്ദ്രത്തിൽ | 19–10–2016 |
| | | ജില്ലയിൽ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് ഫാക്ടറി അപകട പ്രതികരണ പരിശീലനം | 31–10–2016 മുതൽ 5–11–2016 വരെ |
| | | സ്റ്റുഡന്റ്സ് റാപ്പിഡ് റസ്പോൺസ് ഫോഴ്സ് പരിശീലനം | 27–12–2016 മുതൽ 29–12–2016 വരെ |
| | | താമരശേരി പഞ്ചായത്തിൽ സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പരിശീനം | 16–3–2017 |
| | | കോടഞ്ചേരി പഞ്ചായത്തിൽ സാമൂഹികധിഷ്ഠിത ദുരന്ത ലഘൂകരണ പരിശീനം | 18–3–2017 |
| | | മുക്കം മുനിസിപ്പാലിറ്റിയിൽ സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണ പരിശീലനം | 23–3–2017 |
| | | കിഴക്കോത്ത് പഞ്ചായത്തിൽ സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണ പരിശീലനം | 24–3–2017 |
| | | സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണം, തിരുവമ്പാടി പഞ്ചായത്ത്, കോഴിക്കോട് | 25–3–2017 |
| | | നരിക്കുനി പഞ്ചായത്തിൽ സാമൂഹികധിഷ്ഠിത ദുരന്ത ലഘൂകരണ പരിശീലനം | 27–3–2017 |
| | | കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണ പരിശീലനം. | 28–3–2017 |
| | | ഉണ്ണിക്കുളം പഞ്ചായത്തിൽ സാമൂഹികധിഷ്ടിത ദുരന്ത ലഘൂകരണ പരിശീനം | 29–3–2017 |
| | | ഓമശ്ശേരി പഞ്ചായത്തിൽ സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണ പരിശീലനം | 30–3–2017 |
| 2 | ശ്രീമതി. അഞ്ജലി പി, ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ എറണാകുളം | റവന്യൂ ജീവനക്കാർക്ക് VHF റേഡിയോ വിനിയോഗ പരിശീലനം | 4–7–2016 |
| | | Excise ഉദ്യോഗസ്ഥർക്ക് ദുരന്ത അവബോധ പരിശീലനം, Excise അക്കാദമി, തൃശ്ശൂർ | 11–7–2016 മുതൽ 13–11–2016 വരെ |
| | | ആരോഗ്യ വകുപ്പിലെ ജൂനിയർ ഡോക്ടർമാർക്ക് ദുരന്ത അവബോധ പരിശീലനം, ജനറൽ ആശുപത്രി, എറണാകുളം | 21–11–2016 |

| | | | |
|---|---|---|---|
| | | തൃശൂർ പോലീസ് അക്കാദമിയിലെ വിവിധ ബാച്ചിലെ ഉദ്യോഗസ്ഥർക്ക് ദുരന്ത അവബോധ പരിശീലനം | 12–12–2016 |
| | | ബീച്ച് ലൈഫ് ഗാർഡുകൾക്ക് പരിശീലനം, ആലപ്പുഴ | 23–12–2016 |
| 3 | ശ്രീ. പ്രദീപ്. ജി. എസ്. ദുരന്ത ആഘാത സാധ്യതാ അവലോക വിദഗ്ദ്ധൻ എസ്.ഇ.ഓ.സി | കേരളത്തിലെ ദുരന്തങ്ങൾ GVHSS, കുറ്റിച്ചൽ, തിരുവനന്തപുരം | 29–12–2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം | 4–1–2017 |
| | | SOP കളും, ഡാറ്റ പരിപാലനവും ദുരന്ത നിവാരണത്തിന്, ജ്യോഗ്രഫി വകുപ്പ് SN.College for Advanced Studies, തിരുവനന്തപുരം | 12–1–2017 |
| | | സാമൂഹികാധിഷ്ടിത ദുരന്ത ലഘൂകരണ പരിശീലനം GVHSS കമലേശ്വരം തിരുവനന്തപുരം | 27–12–2017 |
| | | സ്കൂൾ സുരക്ഷ പദ്ധതി St.Thomas, HSS മണ്ണന്തല, തിരുവനന്തപുരം | 25–12–2016 |
| | | ദുരന്ത നിവാരണ നിയമത്തിന്റെ ചട്ടകൂട്, എ.എം.ജി, തിരുവനന്തപുരം | 7–12–2016 |
| 4 | ശ്രീ. രാജീവ് ടി.ആർ. ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ് ദ്ധൻ, എസ്.ഇ.ഓ.സി | ദുരന്ത നിവാരണം കേരളത്തിൽ Government Higher Secondary School, Kunjithanni, Idukki | 28–12–2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ സി.എച്.സി കല്ലറ | 7–2–2017 |
| 5 | ഡോ.ആൻഡ്രൂ സ്പെൻസർ, ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധൻ, കൊല്ലം, | തീരദേശ ദുരന്ത മുന്നറിവ് സാങ്കേതിക വിദ്യ പരിശീലനം, മത്സ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് കെ.റ്റി.ഡി.സി തിരുവനന്തപുരം | 7–12–2017 |
| 6 | ശ്രീമതി. പാർവ്വതി എസ്. ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ എസ്.ഇ.ഓ.സി | ദുരന്ത നിവാരണം കേരളത്തിൽ, ഐ.എം,ജി തിരുവനന്തപുരം | 7–12–2016 മുതൽ 9–12–2016 വരെ |
| 7 | ഡോ. ശേഖർ.എൽ. കുര്യാക്കോസ്. മുഖ്യ ശാസ്ത്രജ്ഞൻ എസ്.ഇ.ഓ.സി | കാലാവസ്ഥാ വ്യതിയാനവും ദുരന്ത ലഘൂകരണവും കേരളത്തിൽ, സ്കൂൾ അധ്യാപകർക്കുള്ള പരിശീലനം, കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം, കോട്ടയം | 24–5–2017, 27–5–2017 |
| | | GIS and Earth Observation for Disaster Risk Reduction, SAGA 2017, Mascot Hotel, തിരുവനന്തപുരം | 20–5–2017 |
| | | ഭിന്നശേഷി സൗഹൃദ, ദുരന്ത ലഘൂകരണം, എം.ജി. സർവകലാശാല, കോട്ടയം | 17–5–2017 |
| | | ദുരന്ത നിവാരണം, കേരളത്തിൽ, കേന്ദ്ര കാലാവസ്ഥ വകുപ്പ്, തിരുവനന്തപുരം | 23–3–2017 |
| | | കേരളത്തിലെ വരൾച്ച – ഒരു അപ്രിയ സത്യം, വാട്ടർകോൺക്ലേവ്, ചെന്നൈ | 22–3–2017 |
| | | ദുരന്ത നിവാരണം കേരളത്തിൽ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 27–3–2017 |
| | | ദുരന്ത നിവാരണം കേരളത്തിൽ, നിയമസഭാ സമുച്ചയം, തിരുവനന്തപുരം | 14–3–2017 |
| | | ദുരന്ത നിവാരണം കേരളത്തിൽ, പാലാ കാർഷിക മേള, കോട്ടയം | 20–1–2017 |
| | | ദുരന്ത നിവാരണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്, ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്ക് പരിശീലനം, കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം, കോട്ടയം തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടി. | 7–1–2017 |

| | | | |
|---|---|---|---|
| | | ദുരന്ത നിവാരണവും അടിയന്തിര ഘട്ടപ്രതികരണവും കേരളത്തിൽ MOCMM Medical College, Kolenchery, എറണാകുളം | 3-1-2017 |
| | | ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണം, എൻ.ഐ.എസ്.എച്. തിരുവനന്തപുരം | 6-12-2016 |
| | | ദുരന്ത നിവാരണം ഒരു ജോലി സാധ്യതാ വിഷയം Global Public School, എറണാകുളം | 30-11-2016 |
| | | കേരളത്തിലെ വരൾച്ച, ആകാശവാണി പ്രക്ഷേപണം | 29-11-2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ, Energy Management Centre, തിരുവനന്തപുരം | 29-11-2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ, കേരള സർവ്വകലാശാല, തിരുവനന്തപുരം | 28-9-2016 |
| | | സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി, Building a Climate Resilient Kerala-Round Table organized by Thanal, തിരുവനന്തപുരം | 27-9-2016 |
| | | GIS and Earth Observation for Disaster Risk Reduction, SSTDM, Amritha Deemed University, എറണാകുളം | 17-8-2016 |
| | | ദുരന്ത നിവാരണം കേരളത്തിൽ, ചെമ്പക സ്കൂൾ തിരുവനന്ത പുരം | 12-8-2016 |
| | | ദുരന്ത നിവാരണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്, മുനിസിപ്പൽ ചെയർമാൻ മാർക്കും, മേയർമാർക്കും, ഉള്ള പരിശീലനം, കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം, കോട്ടയം തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടി | 28-7-2016 |
| | | ദുരന്തനിവാരണം കേരളത്തിൽ, ഐ എഎസ് ഉദ്യോഗസ്തർക്കുള്ള പരിശീലനം, ഐ.എം,ജി തിരുവനന്തപുരം | 18-7-2016 |
| | | ദുരന്തനിവാരണം കേരളത്തിൽ, ആകാശവാണി പ്രക്ഷേപണം | 13-7-2016 |
| | | ദുരന്തനിവാരണം കേരളത്തിൽ, ആകാശ ദുരന്ത സാധ്യതാ പരിശീലനം, തിരുവനന്തപുരം വിമാന താവളം, Emirates Airways സംഘടിപ്പിച്ചത് | 6-7-2016 |
| | | GIS and Earth Observation for Disaster Risk Reduction, IIST, തിരുവനന്തപുരം | 5-7-2016 |

## 2.31 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത പരിശീലന പരിപാടികൾ

| ക്രമ നം | പേര്, തസ്തിക | പങ്കെടുത്ത പരിശീലനം | തീയതി |
|---|---|---|---|
| 1 | ശ്രീമതി. അശ്വതി.പി, ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ, കോഴിക്കോട് | State outreach workshop on Cyclone Hazard, Vulnerability and Risk Assessment, Government Guest House, Thiurvananthapuram | 6-10-2016 |
| | | First Aid and Trauma Care Training Kerala State Institute of Health and Family Welfare Trivandrum | 25-1-2017 |
| 2 | ശ്രീ.പ്രദീപ് ജി.എസ്. ദുരന്ത ആഘാത സാധ്യതാ അവലോകന | State Outreach Workshop on Cyclone Hazard Vulnerabilioty and Risk Assessment Government Guest House Thiruvananthapuramm | 6-10-2016 |

| | | | |
|---|---|---|---|
| | വിദഗ്ദ്ധൻ, എസ്.ഇ.ഓ.സി | First Aid and Trauma Care Training Kerala State institute of Health and Family Welfare, Trivandrum | 25-1-2017 |
| 3 | ശ്രീമതി. അജ്ഞലി.പി, ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ. എറണാകുളം | Asian Ministerial Conference on Disaster Risk Reduction, New Delhi | 3 to 5-11 -2016 |
| | | State Outreach Workshop on Cyclone Hazard Vulnerability and Risk Assessment Government Guest House Thiruvananthapuramm | 6-10-2016 |
| | | First Aid and Trauma Care Training Kerala State institute of Health and Family Welfare, Trivandrum | 25-1-2017 |
| | | One day training programes on contingency measure for shoreline clean-up post oil spill organized by coast Guard District Head Quarters, Kochi | 27-3-2017 |
| 4 | ശ്രീ. രാജീവ് ടി.ആർ. ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധർ എസ്.ഇ.ഓ.സി | Asian Ministerial Conference on Disaster Risk Reduction, New Delhi | 3 മുതൽ 5-12-2016 വരെ |
| | | First Aid and Trauma Care Training Kerala State institute of Health and Family Welfare, Trivandrum | 25-1-2017 |
| 5 | കുമാരി അനുപമ എൻ.ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ, എസ്.ഇ.ഓ.സി | Asian Ministerial Conference on Disaster Risk Reduction, New Delhi | 3 മുതൽ 5-11-2016 വരെ |
| | | NDEM, Geo-portal familiarization programme, NRSC, Hyderabad | 31-05-2016 |
| | | Training on introduction to climate change for focal team members, DeECE,Apollo, Dimora, Traivndrum | 19-1- 2017 |
| | | First Aid and Trauma Care Training Kerala State institute of Health and Family Welfare, Trivandrum | 25-1-2017 |
| 6 | ശ്രീമതി. പാർവതി.എസ്, ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ, എസ്.ഇ.ഓ.സി | State Outreach Workshop on Cyclone Hazard Vulnerability and Risk Assessment Government Guest House Thiruvananthapuramm | 6-10-2016 |
| 7 | ഡോ. ശേഖർ എൽ.കുര്യാക്കോസ്, മുഖ്യ ശാസ്ത്രജ്ഞൻ, എസ്.ഇ.ഓ.സി | Regional Training on Multi-Hazard Early warning, INCOIS, Hyderabad | 19-9-2016 മുതൽ 23-09-2016 വരെ |

## 2.32 ജില്ലാതല മോക്ക് ഡ്രില്ലുകൾ

| ക്രമനം | ജില്ല | ദുരന്തം | തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം | രാസ അപകടം | 6-1-2017 |
| 2 | തൃശൂർ | മുങ്ങി മരണം | 21-10-2016 |
| 3 | പാലക്കാട് | രാസ അപകടം | 6-1-2017 |
| 4 | കണ്ണൂർ | മണ്ണിടിച്ചിൽ | 28-10-2016 |
| 5 | എറണാകുളം | രാസ അപകടം | 24-10-2016 |
| | | സ്കൂൾ സുരക്ഷ | 24-11-2016 |
| | | ഫോർട്ട് കൊച്ചി കാർണി വൽ അപകടം | 30-12-2016 |
| 6 | തീരദേശ ജില്ലകൾ | സുനാമി | 8-9-2016 |

## 3. സാമ്പത്തിക വിനിയോഗം 2016–17

| ക്രമ നം | ഇനം | ബജറ്റ് വിഹിതം/ Opening Balance | ലഭിച്ച തുക | ചെലവ് |
|---|---|---|---|---|
| I | **അതോറിറ്റിയുടെ ആസ്ഥാനം നിർമ്മിക്കൽ (തുടർ പദ്ധതി)** | **2,10,00,000** | **2,10,00,000** | **1,57,52,972** |
| II | **അടിയന്തിര പ്രതികരണ ശാക്തീകരണം (1+2)** | **55,00,000** | **55,00,000** | **55,00,000** |
| 1 | ഡോക്ടർമാരുടെ അടിയന്തിര പ്രതികരണ ശാക്തീകരണ പരിശീലനം | 30,00,000 | 30,00,000 | 30,00,000 |
| 2 | അഗ്നി സുരക്ഷാ വകുപ്പിന്റെ ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കൽ | 25,00,000 | 25,00,000 | 25,00,000 |
| III | **ദുരന്ത നിവാരണ സ്ഥാപനങ്ങളുടെ ശാക്തീകരണം (1+2)** | **1,03,50,000** | **88,83,836** | **49,11,953** |
| 1 | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (A+B+C) | **52,50,000** | **52,50,000** | **26,32,093** |
| A | ശമ്പളം, വേതനം, യാത്രാ പടി, ഓഫീസ് ചിലവുകൾ | 42,00,000 | 42,00,000 | 22,15,505 |
| B | വാഹന പരിപാലന ചിലവ് | 5,50,000 | 5,50,000 | 4,07,588 |
| C | പൊതുജന അവബോധം സൃഷ്ടിക്കൽ | 5,00,000 | 5,00,000 | 9,000 |
| 2 | സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം (A+B+C) | **51,00,000** | **36,33,836** | **22,79,860** |
| A | ശമ്പളം, വേതനം, യാത്രാ പടി, ഓഫീസ് ചിലവുകൾ | 38,00,000 | 23,33,836 | 19,56,832 |
| B | വാഹന പരിപാലന ചിലവ് | 3,00,000 | 3,00,000 | 2,99,028 |
| C | പരിശീലന പരിപാടികളും. ശിൽപ്പശാലകളും | 10,00,000 | 10,00,000 | 24,000 |
| IV | **പ്രകൃതി ദുരന്ത ലഘൂകരണം (1+2+3)** | **72,50,000** | **72,50,000** | **67,64,000** |
| 1 | വരൾച്ച | 30,00,000 | 30,00,000 | 25,14,000 |
| 2 | കുഴലൂകൃത മണ്ണൊലിപ്പ് | 30,00,000 | 30,00,000 | 30,00,000 |
| 3 | ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ | 12,50,000 | 12,50,000 | 12,50,000 |
| V | **സംസ്ഥാന-ജില്ലാ അതോറിറ്റികളുടെ ശാക്തീകരണം (കേന്ദ്ര പദ്ധതി) (1+2)** | **39,39,000** | **39,39,000** | **25,46,918** |
| 1 | സംസ്ഥാന അതോറിറ്റി ശാക്തീകരണം (A+B+C) | 13,00,000 | 13,00,000 | 12,56,238 |
| A | ശമ്പളം, വേതനം | 9,00,000 | 9,00,000 | 8,61,067 |
| B | യാത്രാപടി, ഓഫീസ് ചിലവുകൾ | 4,00,000 | 4,00,000 | 3,95,171 |
| 2 | ജില്ലാ അതോറിറ്റി ശാക്തീകരണം (A+B) | **26,39,000** | **26,39,000** | **12,90,680** |
| A | ശമ്പളം, വേതനം | 14,39,000 | 14,39,000 | 9,66,783 |
| B | യാത്രാപടി, ഓഫീസ് ചിലവുകൾ | 12,00,000 | 12,00,000 | 3,23,897 |
| VI | മുല്ലപ്പെരിയാർ അടിയന്തിരഘട്ട കാര്യനിർവഹണ പദ്ധതി | **1,14,57,057** | **1,14,57,057** | **1,62,948** |

| | | | | |
|---|---|---|---|---|
| **VII** | സംസ്ഥാന ദുരന്ത ലഘൂകരണ നിധി (1) | **23,45,00,000** | **23,45,00,000** | **22,45,00,000** |
| 1 | ഓപ്പറേഷൻ അനന്ത | 23,45,00,000 | 23,45,00,000 | 22,45,00,000 |
| **VIII** | 13 ആം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | **1,28,83,675** | **1,28,83,675** | **1,26,44,953** |
| **IX** | ഭിന്നശേഷിക്കാരുടെ ശാക്തീകരണം | **50,00,000** | **50,00,000** | **3,10,910** |
| **X** | സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ (എസ്.ഇ.ഒ.സി) വിവര സാങ്കേതിക വിദ്യയും വാർത്താവിനിമയവും | **6,04,67,476** | **6,04,67,476** | **1,88,35,084** |
| **XI** | ഭൂകമ്പ നിരീക്ഷണ ശൃംഖലയുടെ ശാക്തീകരണം | **58,37,700** | **58,37,700** | **52,10,903** |
| **XII** | സംസ്ഥാന നിരീക്ഷണ ശൃംഖലയുടെ ശാക്തീകരണം | **64,678** | **64,678** | **64,678** |
| **XIII** | സുരക്ഷായനം 2012 | **9,08,366** | **9,08,366** | **6,72,377** |
| | **ആകെ** | **37,91,57,952** | **37,76,91,788** | **29,78,77,696** |

**സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്:** GO(Rt)No.5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of India യിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-3-2017 വരെ ഇതിൽ 8,53,475/- (Eight lakh fifty three thousand four hundred and seventy five only) രൂപയുടെ നിക്ഷേപവും അതിന്റെ പലിശയുമാണ് ഉള്ളത്. GO(Rt)No.5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. ഇന്നേ ദിവസം വരെ ഒരു തുകയും ഇതിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടില്ല. അന്താരാഷ്ട്ര സ്ഥാപന ങ്ങൾക്കു വേണ്ടി ഗവേഷണവും, ദുരന്ത ലഘൂകരണ പദ്ധതികളും തയ്യാറാക്കി നൽകുക വഴി പണം സ്വരൂപിച്ച് സർക്കാരിന് ദീർഘകാല അടിസ്ഥാന ത്തിൽ ചിലവ് കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

# 4. ഉപസംഹാരം

2016–2017 വർഷം സംസ്ഥാനം നേരിട്ട വിവിധങ്ങളായ ദുരന്ത ലഘൂകരണ, പ്രതിരോധ, തയ്യാറെടുപ്പ് അവബോധ പ്രവർത്തനങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായി ഏർപ്പെട്ടു. 2015–16 ൽ ലക്ഷ്യം വച്ച സംസ്ഥാനത്തിന്റെയും 14 ജില്ലകളുടെയും ആദ്യത്തെ അംഗീകൃത ദുരന്ത നിവാരണ ആസൂത്രണ രേഖകൾ ദുരന്ത നിവാരണ നിയമം 2005 അനുശാസിക്കുന്ന വിധം പ്രസിദ്ധീകരിക്കാനായത് എടുത്തു പറയത്തക്ക നേട്ടമായി വിലയിരുത്താവുന്നതാണ്.